بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 1

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly **BADAR** Qadian Malayalam

ലക്കം 37

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2016 നവംബർ 17/ഹി:ശം:1395 നുബുവ്വത്ത് 17/ഹി:ഖ: 1438 സ്വഫർ 16

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 2016 ഒക്ടോബർ 14ന് മസ്ജിദു ബയ്ത്തുൽ ഇസ്‌ലാം ടൊറാൻഡോ, കാനഡയിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു.അതിന്റെ പൂർണരൂപം ഈ ലക്കം 3 – ാം പേജിൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരിഹീ.

**അല്ലാഹുവിന്റെ ദൂതനിൽനിന്ന് മനഃപ്പൂർവം മുഖം തിരിക്കുക എന്നത് പിടിക്കപ്പെടാതിരിക്കാൻ പറ്റിയ കാര്യമല്ല. ഈ പാപത്തിന്റെ വാദി ഞാനല്ല. പ്രത്യുത ആരെ പിന്തുണക്കാനായിക്കൊണ്ടാണോ ഞാൻ അയക്കപ്പെട്ടത് ആ ഒരാൾ മാത്രമാണ്. അതായത് മുഹമ്മദു മുസ്തഫാ(സ). എന്നെ വിശ്വസിക്കാത്തവൻ എന്നെയല്ല മറിച്ച് ഞാൻ വരുമെന്ന് പ്രവചിച്ച ആളെയാണ് നിഷേധിക്കുന്നത്.**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

എന്നിൽ വിശ്വസിക്കാത്തവൻ, എന്റെ പേരുതന്നെ കേൾക്കാത്തവനാണെങ്കിലും എന്റെ സന്ദേശമെത്താത്ത രാജ്യത്ത് വാസിക്കുന്നവനാണെങ്കിൽത്തന്നെയും അവൻ കാഫിറായിരിക്കും നരകത്തിൽ പതിക്കുന്നതായിരിക്കും എന്ന് ഞാൻ എന്റെ ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നുവെന്ന് പറഞ്ഞ് ഡോകട്ർ അബ്ദുൽഹക്കീം ഖാൻ തന്റെ ഗ്രന്ഥമായ 'അൽമസീഹുദ്ദജ്ജാൽ'തുടങ്ങിയവയിൽ ആക്ഷേപം ഉന്നയിച്ചിരിക്കുന്നു. ഇത് ഇപ്പറയപ്പെട്ട ഡോക്ടറുടെ അടിമുടി കറ്റുകെട്ടാണ്. ഞാൻ ഒരു ഗ്രന്ഥത്തിലും വിജ്ഞാപനത്തിലും അങ്ങനെ ഒരിക്കലും എഴുതിയിട്ടില്ല. ഏതു ഗ്രന്ഥത്തിലാണോ ഞാൻ എഴുതിയിട്ടുള്ളത് ആ എന്റെ ഗ്രന്ഥം കൊണ്ടുവരിക എന്നത് അയാളുടെ നിർബന്ധ കടമയാണ്. അയാൾ വെറും കുതന്ത്രത്താൽ തന്റെ ശീലമെന്നപോലെ ഈ കറ്റുകെട്ട് എന്നിൽ ഉന്നയിച്ചിരിക്കുകയാണ്. ആർക്കും അംഗീകരിക്കാൻ പറ്റാത്ത കാര്യമാണിത്. പേരുപോലും കേട്ടിട്ടില്ലാത്ത ആൾ എങ്ങനെയാണ് ചോദ്യം ചെയ്യപ്പെടുന്നത്. മസീഹ് മൗഊദാണെന്ന് ഞാൻ പറയുന്നു. അല്ലാഹു പൊതുവായ നിലയിൽ എനിക്കുവേണ്ടി ആകാശത്ത് നിന്ന് ദൃഷ്ടാന്തം കാണിച്ചു. അതിനാൽ ഞാൻ അല്ലാഹുവിന്റെ പക്കൽ മസീഹ് മൗഊദ് ആണെന്നതിനെക്കുറിച്ച് ന്യായപൂർത്തി ഉണ്ടായിക്കഴിഞ്ഞിട്ടുള്ളവനും എന്റെ വാദം അറിഞ്ഞു കഴിഞ്ഞിട്ടുള്ളവനും ചോദ്യം ചെയ്യപ്പെടുന്നതായിരിക്കും. കാരണം അല്ലാഹുവിന്റെ ദൂതനിൽനിന്ന് മനഃപ്പൂർവം മുഖം തിരിക്കുക എന്നത് പിടിക്കപ്പെടാതിരിക്കാൻ പറ്റിയ കാര്യമല്ല. ഈ പാപത്തിന്റെവാദിഞാനല്ല.പ്രത്യുതആരെപിന്തുണക്കാനായിക്കൊണ്ടാണോ ഞാൻ അയക്കപ്പെട്ടത് ആ ഒരാൾ മാത്രമാണ്. അതായത് മുഹമ്മദു മുസ്തഫാ(സ). എന്നെ വിശ്വസിക്കാത്തവൻ എന്നെയല്ല മറിച്ച് ഞാൻ വരുമെന്ന് പ്രവചിച്ച ആളെയാണ് നിഷേധിക്കുന്നത്.

ഇത്തരത്തിലുള്ള വിശ്വാസംതന്നെയാണ് നബി(സ) തിരുമേനിയെ വിശ്വസിക്കുന്നതിനെ കുറിച്ചും എനിക്കുള്ളത്. നബി(സ)തിരുമനിയുടെ ക്ഷണം ലഭിച്ചു കഴിഞ്ഞിട്ടുള്ളവനും അവിടത്തെ നിയോഗത്തെ കുറിച്ച് അറിഞ്ഞുകഴിഞ്ഞിട്ടുള്ളവനും സത്യനിഷേധത്തിൽത്തന്നെ മരിച്ചാൽ നിത്യനരകവാസിയായിരിക്കുന്നതാണ്. ന്യായപൂർത്തിയുടെ വിവരം അല്ലാഹുവിന് മാത്രമാണുള്ളത്. ജനങ്ങൾ വിവിധ കഴിവുള്ളവരും വിവിധ കാര്യബോധങ്ങളിൽ വാർത്തെടുത്തവരും ആയതുകൊണ്ട് ന്യായപൂർത്തിയുണ്ടാകുന്നതും കേവലം ഒരേ രീതിയിലായിരിക്കുകയില്ല. വൈജ്ഞാനികമായ കഴിവുകൾകൊണ്ട് അല്ലാഹുവിന്റെ പ്രമാണങ്ങളേയും ദൃഷ്ടാന്തങ്ങളേയും മതത്തിന്റെ സവിശേഷ ഗുണങ്ങളേയും എളുപ്പം മനസ്സിലാക്കാൻ കഴിയുന്നവരും തിരിച്ചറിയാൻ കഴിയുന്നവരും അല്ലാഹുവിന്റെ റസൂലിനെ നിഷേധിക്കുകയാണെങ്കിൽ അവർ സത്യനിഷേധത്തിന്റെ (കുഫ്റിന്റെ) ഒന്നാം സ്ഥാനത്തായിരിക്കുമുണ്ടാകുക. ഇത്രമാത്രം കാര്യബോധവും അറിവും ഇല്ലാത്തവർ എന്നാൽ, അല്ലാഹുവിന്റെ പക്കൽ അവരിലും അവരുടെ കാര്യബോധമനുസരിച്ച് ന്യായപൂർത്തി ഉണ്ടായി കഴിഞ്ഞിട്ടുണ്ടെങ്കിൽ അവരോടും റസൂലിനെ നിഷേധിച്ചത് ചോദിക്കുന്നതാണ്; എന്നാൽ, ആദ്യത്തെ സത്യനിഷേധികളെക്കാൾ കുറച്ച്. എന്നാൽ, ആരുടെയെങ്കിലും കുഫ്റിനേയും (സത്യനിഷേധത്തേയും) അവനിൽ ന്യായപൂർത്തിയുണ്ടായതിനെയുംകുറിച്ച് ഓരോരുത്തരുടേയും അവസ്ഥ ചോദിച്ചു നടക്കുക എന്നത് നമ്മുടെ ജോലിയല്ല. അത് ആ അദൃശ്യങ്ങൾ അറിയുന്നവന്റെ ജോലിയാണ്.നമുക്ക് പറയാൻ കഴിയുന്നത് അല്ലാഹുവിന്റെ പക്കൽ ആരിലാണോ ന്യായപൂർത്തി ഉണ്ടായിക്കഴിഞ്ഞിട്ടുള്ളത്, അല്ലാഹുവിന്റെ പക്കൽ നിഷേധിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത് അവൻ ചോദ്യം ചെയ്യപ്പെടാൻ അർഹനായിരിക്കുമെന്നാണ്. എന്തുകൊണ്ടെന്നാൽ ശരീഅത്തിന്റെ അടിത്തറ ബാഹ്യത്തിലാണ്. അതുകൊണ്ട് സത്യനിഷേധിയെ സത്യവിശ്വാസി എന്നു പറയാൻ നമുക്ക് പറ്റുകയില്ല. അവൻ ചോദ്യം ചെയ്യപ്പെടുന്നതിൽനിന്ന് മോചിതനാണെന്നും പറയാൻ പറ്റുകയില്ല. നിഷേധിയെ മാത്രമെ കാഫിർ എന്ന് പറയാൻ സാധിക്കുകയുള്ളു. കാരണം കാഫിർ എന്ന പദം മുഅ്മിന്റെ വിപരീതമാണ്. കുഫ്ർ രണ്ടു തരത്തിലുണ്ട്.

**(ഒന്ന്).** ഒരു വ്യക്തി ഇസ്‌ലാമിനെത്തന്നെ നിഷേധിക്കുന്നതാണ് ഒരു കുഫ്ർ. നബി(സ)തിരുമേനിയെ അല്ലാഹുവിന്റെ റസൂലായി വിശ്വസിക്കുന്നില്ല.

**(രണ്ട്).** രണ്ടാമത്തേത് അവൻ മസീഹ് മൗഊദിനെ വിശ്വസിക്കുന്നില്ല എന്നതാണ്. ന്യായപൂർത്തി ഉണ്ടായിട്ടും അയാളെ കളളനായി മനസ്സിലാക്കുന്നു. അയാളെ വിശ്വസിക്കാനും സത്യവാനായി മനസ്സിലാക്കാനും അല്ലാഹുവും റസൂലും താക്കീതുചെയ്തു പറഞ്ഞിട്ടുള്ളതാണ്. മുമ്പേ വന്ന നബിമാരുടെ ഗ്രന്ഥങ്ങളിലും താക്കീതുകളുണ്ട്. അതുകൊണ്ട് അല്ലാഹുവും അവന്റെ റസൂലും പറഞ്ഞതിനെ നിഷേധിക്കുന്നവൻ തന്നെയാണ് കാഫിർ. ചിന്തിച്ചുനോക്കുകയാണെങ്കിൽ ഈ രണ്ടുതരത്തിലുള്ള സത്യനിഷേധവും ഒരേതരത്തിൽപ്പെട്ടതാണെന്ന് കാണാം. കാരണം തിരിച്ചറിഞ്ഞിട്ടും അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പന പാലിക്കാത്തവൻ വിശുദ്ധഖുർആനിന്റേയുംതിരുഹദീഥിന്റേയുംവ്യക്തമായവചനങ്ങൾകൊണ്ട് അല്ലാഹുവിനേയും റസൂലിനേയും വിശ്വസിക്കാത്തവനാണ്. ഏതൊരുവനിലാണോ അല്ലാഹുവിന്റെ പക്കൽ ഒന്നാമത്തെ തരത്തിലുള്ള കുഫറിനെ അല്ലെങ്കിൽ രണ്ടാമത്തെ തരത്തിലുള്ള കുഫ്റിനെ അപേക്ഷിച്ച് ന്യായപൂർത്തി ഉണ്ടായിക്കഴിഞ്ഞിട്ടുള്ളത് അവൻ പുനരുഥാന നാളിൽ ചോദ്യം ചെയ്യപ്പെടാൻ അർഹനായിരിക്കുന്നതാണ്. ആരിലാണോ അല്ലാഹുവിന്റെ പക്കൽ ന്യായപൂർത്തി ഉണ്ടായിക്കഴിഞ്ഞിട്ടില്ലാത്തത്, അവൻ കള്ളം പറയുന്നവനും സത്യനിഷേധിയുമാണെങ്കിൽ ശരീഅത്ത്(ഇതിന്റെ അടിത്തറ ബാഹ്യത്തിലാണ്) അവന്റെ പേരും കാഫിർ എന്നുതന്നെയാണ് വെച്ചിട്ടുള്ളത്. നാമും അവനെ ശരീഅത്തിന് വിധേയനായി കാഫിർ എന്ന പേരിൽ വിളിക്കുന്നു. എന്നാൽ, എങ്കിലും അവൻ അല്ലാഹുവിന്റെ പക്കൽ ലാ യുകല്ലിഫുല്ലാഹു നഫ്സൻ ഇല്ലാ വുസ്അഹാ എന്ന വചനമനുസരിച്ച്(2:287) ചോദ്യം ചെയ്യപ്പെടാൻ അർഹനായിരിക്കുകയില്ല.

അവനെ സംബന്ധിച്ച് അവൻ മോക്ഷാർഹനാണെന്ന് കല്പിക്കാൻ നമുക്ക് അനുവാദമില്ല. അവന്റെ കാര്യം അല്ലാഹുവിനോടൊപ്പമാണ്. നമുക്കിതിൽ കൈകടത്തലില്ല. ഞാൻ ഇപ്പോൾ വിവരിച്ചു കഴിഞ്ഞതുപോലെ ഇതിന്റെ അറിവ് അല്ലാഹുവിനു മാത്രമാണുള്ളത്. ബുദ്ധിപരമായ തെളിവുകളും പ്രമാണപരമായ തെളിവുകളും നല്ല അധ്യാപനങ്ങളും ദൈവികാടയാളങ്ങളും ഉണ്ടായിട്ടും ആരിലാണ് ന്യായപൂർത്തി ഉണ്ടായിട്ടില്ലാത്തതെന്ന് അല്ലാഹു മാത്രമാണ് അറിയുന്നത്. ഇന്ന വ്യക്തിയിൽ ന്യായപൂർത്തിയുണ്ടായിട്ടില്ലെന്ന് നമ്മൾ വാദത്തോടെ പറയാതിരിക്കേണ്ടതാണ്. ആരുടേയും മനസ്സിലുള്ളത് നമുക്കറിയില്ല. കാരണം അല്ലാഹുവിന്റെ എല്ലാ ഓരോ റസൂലും എല്ലാ വശത്തിലുമുള്ള തെളിവുകൾ സമർപ്പിക്കുന്നതും ദൃഷ്ടാന്തങ്ങൾ കാണിക്കുന്നതും കൊണ്ടുമുള്ള ഉദ്ദേശ്യം തങ്ങളുടെ ന്യായം ജനങ്ങളിൽ പൂർത്തിയാക്കുക എന്നതാണ്. ഇതു സംബന്ധമായി അല്ലാഹുവും അവരെ സഹായിക്കുന്നു. അതുകൊണ്ട് തന്നിൽ ന്യായപൂർത്തി വന്നിട്ടില്ലെന്ന് ആരാണോ വാദിക്കുന്നത് അയാളുടെ നിഷേധത്തിന്റെ ഉത്തരവാദി അയാൾതന്നെയാണ്. ഇക്കാര്യത്തിന്റെ തെളിവ് അവന്റെ കഴുത്തിലാണുളളത്. ബുദ്ധിപരമായ തെളിവുകളും പ്രമാണപരമായ തെളിവുകളും നല്ല അധ്യാപനങ്ങളും ദൈവികാടയാളങ്ങളും ഉണ്ടായിട്ടും (ശേഷം പേജ് 2ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)

ഭാഗം-2

- ഹാഫിസ് മുസഫർ അഹ്മദ്

ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ഇസ്ലാമിന്റെ തുടക്കംമുതലേ നബി(സ)തിരുമേനിക്ക് സേവനം ചെയ്തു വന്നിരുന്നു. യാത്രയിലും അല്ലാത്തപ്പോഴും നബി(സ)തിരുമേനിക്കുവേണ്ടി ബാഹ്യമായി നോക്കുമ്പോൾ ചെറുതാണെങ്കിലും ഒഴിച്ചുകൂടാൻ പറ്റാത്ത പല പ്രധാനകാര്യങ്ങളുമാണ് അദ്ദേഹം ചെയ്തിരുന്നത്. മിസ്വാക് കൊണ്ടുവരിക, കൃത്യസമയത്ത് വുസുചെയ്യാനും കുളിക്കാനുമുള്ള വെള്ളം കോരിക്കൊണ്ടു കൊടുക്കുക, ഇരിക്കാനുള്ള പടവും കിടക്കാനുള്ള വിരിപ്പും തയ്യാറാക്കിവയ്ക്കുക, സമയത്ത് ഉണർത്തുക, കുളിക്കാൻ മറ തയ്യാറാക്കുക, നബി(സ)തിരുമേനിയുടെ ചെരുപ്പ് സൂക്ഷിക്കുക, തുടങ്ങിയ സേവനങ്ങൾ അദ്ദേഹം ചെയ്യാറുണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) സാഹിബുസ്സിവാക്ക്(ടൂത്ത്ബ്രഷുകാരൻ), സാഹിബുൽവസാദ(തലയിണക്കാരൻ), സാഹിബുന്നഅ്ലയ്ൻ(ചെരുപ്പകാരൻ) തുടങ്ങിയ പദവിപ്പേരുകളിലും സ്മരിക്കപ്പെടുന്നു. ഈ സേവനങ്ങൾ കാരണത്താൽ നബി(സ)തിരുമേനിയുടെ വീട്ടിൽ അദ്ദേഹം മിക്കപ്പോഴും പോയുംവന്നുമിരുന്നു. നബി(സ) അദ്ദേഹത്തിന് തന്റെ വീട്ടിൽ വരാൻ പ്രത്യേകാനുമതി നല്കിക്കൊണ്ടു പറഞ്ഞു: 'എന്റെ വിളി കേൾക്കുകയും വാതിലിനു മുന്നിൽ കർട്ടൺ ഇല്ലാതിരിക്കുകയും ചെയ്താൽ താങ്കൾക്ക് വീട്ടിലേക്ക് കയറി വരാവുന്നതാണ്. ഞാൻ വരണ്ട എന്ന് പറയുന്ന സമയത്തുമാത്രം വരാതിരിക്കുക.

പർദയുടെ കല്പന ഇറങ്ങുന്നതിന് മുമ്പേയുള്ള കാര്യമാണിതെന്ന് തോന്നുന്നു. നബി(സ)തിരുമേനിയുടെ മറ്റൊരു സേവകനായ ഹദ്റത്ത് അനസ് (റ) പറയുന്നു: 'ഞാൻ നബി(സ)തിരുമേനിയുടെ വീട്ടിൽ വരുകയും പോകുകയും ചെയ്യാറുണ്ടായിരുന്നു.' എന്തായാലും ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ), നബി(സ)തിരുമേനിയുടെ വീട്ടിൽ സ്ഥിരമായി പോകാറുണ്ടായിരുന്നു. ഹദ്റത്ത് അബൂ മൂസാ അശ്അരി(റ)പറയുന്നു: 'ഞാനും എന്റെ സഹോദരനും യമനിൽനിന്ന് മദീനയിലെത്തിയപ്പോൾ ആദ്യമാദ്യം ഞങ്ങൾ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)നെ നബി(സ)തിരുമേനിയുടെ കുടുംബാംഗമായിരിക്കുമെന്നാണ് കരുതിയരുന്നത്. കാരണം അദ്ദേഹവും അദ്ദേഹത്തിന്റെ മാതാവും മിക്കപ്പോഴും നബി(സ)തിരുമേനിയുടെ വീട്ടിൽ വരുന്നത് കണാറുണ്ടായിരുന്നു.

ചുരുക്കം പറഞ്ഞാൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ), നബി(സ)തിരുമേനിയുടെ കോന്തല മുറുകെ പിടിക്കുകയും ആ മഹാത്മാവിൽനിന്ന് പഠിക്കുക മാത്രമല്ല നല്ലവണ്ണം പഠിക്കുകയും ചെയ്തിരുന്നു.

**ഹൃദയസ്പൃക്കായ പാരായണം**

**നിഷ്കപടമായ പ്രണാമം:-**

നബി(സ)തിരുമേനിയുടെ പരിശുദ്ധ സഹവാസവും ശിക്ഷണവും ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)നെ നല്ലൊരു ദൈവാരാധകനും വിശ്വസ്തനും വാക്കുകൾക്കനുസരിച്ച് പ്രവർത്തിക്കുന്നവനുമാക്കിത്തീർത്തു. ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തിന്റെ ദൈവാരാധനയും ഹൃദയസ്പൃക്കായ ഖുർആൻ പാരായണവും മനോഹരമായി വിവരിക്കുന്ന ഒരു സംഭവം ഇങ്ങനെ വിവരിക്കുന്നുണ്ട്. "ഒരു ദിവസം രാത്രിനേരത്ത് ഹദ്റത്ത് അബൂബക്കറും(റ)ഞാനും നബി(സ) തിരുമേനിയോടൊപ്പം മദീനയിൽ റോന്തു ചുറ്റുകയായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന്റെ താമസ സ്ഥലത്തിന്നടുത്തൂടെയാണ് ഞങ്ങൾ പോയത്. അദ്ദേഹം നഫ്ൽ നമസ്കാരത്തിൽ വിശുദ്ധഖുർആൻ പാരായണം ചെയ്യുകയായിരുന്നു. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ ഖുർആൻ പാരായണം കേട്ട് അവിടെനിന്നു. പിന്നീടു ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) റുക്കൂഇൽ പോയി. തുടർന്ന് സുജൂദിൽ കിടന്ന് ഇങ്ങനെ ദുആ ചെയ്യുന്നത് ഞങ്ങൾ കേട്ടു. 'അല്ലാഹുവേ എനിക്കു വിശ്വാസവും ഒരിക്കലും അവസാനിക്കാത്ത ദൃഢജ്ഞാനവും നല്കേണമേ. പരലോകത്ത് നബി(സ)തിരുമേനിയുടെ സഹവാസത്തിലിരിക്കാൻ സൗഭാഗ്യം തന്നരുളേണമേ.' നബി(സ)തിരുമേനി അതു കേട്ടുകൊണ്ടു പറഞ്ഞു, 'അബ്ദുല്ലാഹ്! ഇപ്പോൾ ചോദിക്കുന്നതെന്തും നിനക്ക് നല്കപ്പെടും. എന്തു ദുആ ചെയ്താലും സ്വീകരിക്കപ്പെടുന്നതാണ്.'

*കാരുണ്യത്തിന്റെ മന്ദമാരുതൻ*
*വീശിയടിച്ചുകൊണ്ടിരിക്കുന്നു.*
*എന്തു ദുആ ചെയ്താലും*
*അത് ഇന്ന് സ്വീകരിക്കപ്പെടും*

പിന്നീടു നബി(സ) തിരുമേനി അവിടെനിന്ന് മുന്നോട്ടു നീങ്ങിക്കൊണ്ടു പറഞ്ഞു, 'വിശുദ്ധ ഖുർആൻ ഇറക്കപ്പെട്ടതുപോലെ ഹരിതാഭമായ നിലയിൽ പാരായണം ചെയ്യുന്നത് ആരെയാണോ സന്തുഷ്ടനാക്കുന്നത് അയാൾ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ൽനിന്ന് വിശുദ്ധഖുർആൻ പഠിക്കേണ്ടതാണ്.'

**നന്മയിൽ മുൻകടക്കാനുള്ള ആത്മാവ്:-**

ഹദ്റത്ത് ഉമർ(റ)പറയുന്നു: "നബി(സ)തിരുമേനിയുടെ സുവാർത്ത ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)നെ അറിയിക്കാൻ അതിരാവിലെ അദ്ദേഹത്തിന്റെ വീട്ടിലെത്തി ഞാൻ വാതിൽമുട്ടി വിളിച്ചു. താങ്കൾ ഈ രാത്രിനേരത്ത് വന്നതെന്തിനാണെന്ന് അദ്ദേഹം ചോദിച്ചു. നബി(സ)തിരുമേനിയുടെ ഒരു സുവാർത്ത താങ്കളെ അറിയിക്കാനാണ് വന്നതെന്ന് ഞാൻ പറഞ്ഞു. അപ്പോൾ ഹദ്റത്ത് അബൂബക്കർ (റ) താങ്കളെക്കാൾ മുമ്പേ അതെന്നെ അറിയിച്ചിരിക്കുന്നുവെന്ന് അദ്ദേഹം എന്നോടു പറഞ്ഞു. ഹദ്റത്ത് ഉമർ(റ)പറയുന്നു, ഞാൻ പറഞ്ഞു: 'അബൂബക്കർ അങ്ങനെ ചെയ്തെങ്കിൽ അതദ്ദേഹത്തിന്റെ അവകാശമാണ്. കാരണം അദ്ദേഹം നന്മകളെ ഒരുപാടു മുമ്പേകൊണ്ടുപോകുന്നയാളാണ്. ഒരിക്കലും ഒരു നന്മയിലും നമുക്ക് അദ്ദേഹത്തെ മുൻകടക്കാൻ കഴിഞ്ഞിട്ടില്ല."

**കുടുംബജീവിതം:-**

ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന്റെ വിവാഹം ഥഖീഫ് ഗോത്രത്തിലെ നല്ലൊരു കുടുംബത്തിലാണ് നടന്നത്. അദ്ദേഹത്തിന്റെ ഭാര്യ സയ്നബ് ബിൻത് അബ്ദുല്ലാഹ് മദീനയിലെ ഒരു സമ്പന്നയായിരുന്നു. അവരാണ് ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന്റെ ചെലവും വഹിച്ചിരുന്നത്. അവർ പറയുന്നു: 'ഒരിക്കൽ നബി(സ)തിരുമേനി സ്വദഖഃ കൊടുക്കാൻ സ്ത്രീകളോടു പറഞ്ഞു.

(തുടരും)

**(പേജ് 1ൽ നിന്ന്)** എല്ലാത്തരം മാർഗദർശനങ്ങളും ലഭിച്ചിട്ടും എന്തുകൊണ്ട് അവനിൽ ന്യായപൂർത്തിയുണ്ടായില്ല എന്നതിന് അവൻ സമാധാനം പറയേണ്ടിവരും. ഇസ്ലാമിനെക്കുറിച്ചുള്ള അറിവു ലഭിച്ചിട്ടും ന്യായപൂർത്തിയുണ്ടാകാത്തതുകൊണ്ട് ഒരുവൻ നിഷേധാവസ്ഥയിൽ മോക്ഷം പ്രാപിക്കുമെന്ന ചർച്ച കേവലം വ്യർഥവും വെറും പുലമ്പലുമാണ്. എന്നല്ല അത്തരം ചർച്ച അല്ലാഹുവിനെ അപമാനിക്കലാണ്. കാരണം ഏതൊരു സർവശക്തനാണോ തന്റെ റസൂലിനെ അയച്ചത് ആ റസൂലിന് അതിൽ അപമാനമുണ്ട്. താൻ തന്റെ ന്യായപൂർത്തിവരുത്തുമെന്ന അവന്റെ വാഗ്ദാനമുള്ളപ്പോൾ അതിന്റെ ലംഘനവുമാണത്. വാഗ്ദാനം ചെയ്തിട്ടും അവന് തന്നെ നിഷേധിച്ചവരിൽ തന്റെ ന്യായപൂർത്തി വരുത്താൻ കഴിഞ്ഞല്ല!അവർ അവന്റെ റസൂലിനെ നിഷേധിക്കുകയും ചെയ്തു, എന്നിട്ട് മോക്ഷവും പ്രാപിച്ചു!! അല്ലാഹു ദീനെ ഇസ്ലാമിനുവേണ്ടി പ്രകടിപ്പിച്ച ദൃഷ്ടാന്തങ്ങളും പിന്നീട് ബുദ്ധിപരവും പ്രമാണപരവുമായ തെളിവുകളും നാം കാണുകയും ചെയ്യുമ്പോൾ ആയിരക്കണക്കിന് സവിശേഷഗുണങ്ങളാണ് ഇസ്ലാമിൽ കണ്ടെത്തുന്നത്. അത് അന്യജനങ്ങളുടെ മതങ്ങളിലില്ല. അല്ലാഹുവിലേക്ക് അഭിവൃദ്ധിപ്പെടുന്നതിനുള്ള കവാടം ഇസ്ലാമിൽ മാത്രം തുറന്നു കിടക്കുന്നതായി കാണുന്നു. മറ്റു മതങ്ങളെ ഒന്നുകിൽ അവർ സൃഷ്ടിപൂജയിൽ അകപ്പെട്ടുകിടക്കുന്നതായും അല്ലെങ്കിൽ ദൈവത്തെ എല്ലാ വസ്തുക്കളുടേയും സ്രഷ്ടാവും എല്ലാത്തിന്റേയും തുടക്കവും എല്ലാ അനുഗ്രഹങ്ങളുടേയും ഉറവിടവുമായും വിശ്വസിക്കാത്ത അവസ്ഥയിലുള്ളതായിട്ടാണ് കാണുന്നത്. ഇസ്ലാമിനെ കുറിച്ച് അറിയുകയും എന്നാൽ, ന്യായപൂർത്തി ഉണ്ടാകാതിരിക്കുകയും ചെയ്യുന്നവൻ മോക്ഷം പ്രാപിക്കുമെന്നുള്ള നിരർഥമായ കാര്യങ്ങൾ ലോകത്ത് പ്രചരിപ്പിക്കുകയും ചെയ്യുന്നവരെ കുറിച്ച് നമുക്ക് വിഷമമമാണുള്ളത്. അറിയാതെകണ്ട് ശരിയായ സംഭവങ്ങൾ വിശ്വസിക്കാതിരിക്കുക എന്നതും നഷ്ടമുണ്ടാക്കുന്നതായിരിക്കും. ഉദാഹരണത്തിന് ഉഷ്ണരോഗമുള്ള സ്ത്രീയുടെ അടുത്ത് പോകരുതെന്ന് വൈദ്യന്മാർ പരസ്യം കൊടുത്തു. ഒരാൾ അത്തരം ഒരു സ്ത്രീയുമായി ബന്ധപ്പെട്ടു. എനിക്ക് വൈദ്യന്മാരുടെ പരസ്യത്തെ കുറിച്ചറിയില്ലായിരുന്നല്ലോ പിന്നെന്തുകൊണ്ട് എനിക്ക് ഉഷ്ണരോഗമുണ്ടായി എന്ന് അയാൾ പറയുന്നത് നിഷ്ഫലമാണ്. ബാബാ നാനക് പറഞ്ഞത് എത്ര സത്യമാണ്: 'ഏ നാനക്! ചീത്ത പ്രവൃത്തികൾകൊണ്ട് അവസാനം ദോഷമുണ്ടാകുന്നു.'

അല്ലയോ അജ്ഞരേ!അല്ലാഹു അവന്റെ നടപടിക്രമമനുസരിച്ച് തന്റെ ഋജുവായ ദീനിന്റെ ന്യായപൂർത്തി വരുത്തി. ഇനി അതിൽ സംശയം കടത്തിവിടുകയും അല്ലാഹുവിന്റെ ന്യായപൂർത്തി ഉണ്ടായിട്ടും നിരർഥമായ കാര്യങ്ങൾ അവതരിപ്പിക്കുകയും ചെയ്യേണ്ട ആവശ്യമെന്താണുള്ളത്. യഥാർഥത്തിൽ അല്ലാഹുവിന്റെ അറിവിൽ ആരെങ്കിലും അങ്ങനെയുണ്ടെങ്കിൽ അവനിൽ ന്യായപൂർത്തിയുണ്ടായിട്ടില്ല. അപ്പോൾ അവന്റെ കാര്യം അല്ലാഹുവിന്റെ പക്കലാണ്. നമുക്ക് അത് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. അതേ, ഇസ്ലാമിനെക്കുറിച്ച് അറിയാത്തവൻ, അറിയാതെ തന്നെ മരിച്ചാൽ, പ്രായപൂർത്തിയാകാത്ത കുട്ടികൾ, ഭ്രാന്തന്മാർ, അല്ലെങ്കിൽ ഇസ്ലാം എത്തിയിട്ടില്ലാത്ത രാജ്യത്ത് വസിക്കുന്നവരെപ്പോലുള്ളവർ നിസ്സഹായരാണ്.(ഹഖീഖത്തുൽ വഹ്യ്, റൂഹാനീ ഖസായിൻ വാല്യം 22 പേജ് 184-188)

Website Design &
Online Marketing
Google SEO I Website Design I Social Media I Graphic Design
Call 0828 173 6451 Email: admin@dsignsworld.com
www.dsignsworld.com
DSIGNS WORLD

C.M HIDAYATHULLAH 9447029141, 9946631222
CITYLINK
Linking Destinations
TRAVEL CORPORATION
Noor Complex, 3rd Floor, Mavoor Road, Calicut, Kerala
email: citylinkccj@gmail.com
Air Ticket, Visa Service, Attestation, Emigration, Train Ticket

## ഖുത്ബ ജുമുഅ

**നമുക്ക് പരിമിതമായ പ്രവർത്തനമാർഗങ്ങൾ മാത്രമേ ഉള്ളൂവെങ്കിലും ലോകത്ത് എല്ലായിടത്തും ജൽസ സംഘടിപ്പിക്കാൻ തൗഫീഖ് നല്കുന്നുവെന്നത് അല്ലാഹുവിന്റെതന്നെ അനുഗ്രഹമാണ്. ഈ മൂന്നു ദിവസങ്ങളിൽ ഡ്യൂട്ടിനല്കുന്ന എല്ലാവരുടേയും മനസ്സിൽനിന്ന് പ്രത്യേകമായ നിലയിൽ ഭൗതിക ചിന്തകൾ തികച്ചും അപ്രത്യക്ഷമായതുപോലെ തോന്നുന്നു. വെറും ജൽസയും നിസ്വാർഥതയോടുകൂടി പണിയെടുക്കലുമായിരിക്കും ഭൂരിഭാഗമാളുകളുടേയും ചിന്ത. ഈ ജോലി യഥാർഥത്തിൽ ഒരു നിശബ്ദ തബ്‌ലീഗാണ്.**

**ഓരോ വകുപ്പിലേയും ഉദ്യോഗസ്ഥർ അവരവരുടെ വകുപ്പുകളിൽ ചെയ്ത പ്രവർത്തനങ്ങൾക്ക് ജമാത്തംഗങ്ങൾ നന്ദി കാണിക്കേണ്ടതാണ്. ഇതുപോലെതന്നെ തങ്ങൾക്ക് അവരെ സേവിക്കാൻ തൗഫീഖ് ലഭിച്ചതിന് പ്രവർത്തകരും നന്ദികാണിക്കേണ്ടതാണ്.**

**ജൽസസാലാന സ്വന്തം ആളുകൾക്ക് ക്ഷേമത്തിനുള്ള സാഹചര്യം ഒരുക്കുന്നതോടൊപ്പം അന്യർക്കും ജമാഅത്തിനെ പരിചയപ്പെടാനും ബന്ധപ്പെടാനുമുള്ള മാർഗവുമായിത്തീരുന്നു. ഇസ്‌ലാമിന്റെ യഥാർഥ ചിത്രം ലോകത്തിന് അറിയാൻ കഴിയുന്നു.**

**ഇസ്‌ലാമിന്റെ യാഥാർഥ്യം അവരറിയുന്നതിന് വർത്തമാന കാല അവസ്ഥകൾ അല്ലെങ്കിൽ ഏതുകാര്യമാണെങ്കിലും നബി(സ)തിരുമേനിയുടെ പ്രവചനങ്ങളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനവും തമ്മിൽ ബന്ധിപ്പിച്ച് പറയുന്നതിനാണ് ഞാൻ ശ്രമിക്കാറുള്ളത്.**

**കാനഡ അഹ്മദിയ്യാജമാഅത്തിന്റെ ജൽസസാലാനയുടെ അവസരത്തിൽ ഡ്യൂട്ടികൾ നിറവേറ്റിയവരോടുള്ള നന്ദിപ്രകടനം. ജൽസയിൽ പങ്കെടുത്ത അഹ്മദികളും അനഹ്മദികളുമായിട്ടുള്ളവരുടെ പ്രതികരണങ്ങൾ. പത്രങ്ങളിലും ടി.വി. ചാനലുകളിലും മറ്റു സോഷ്യൽ മീഡിയകളിലും കാനഡ ജൽസ സാലാനയെ കുറിച്ചുള്ള കവറേജുകളുടെ ചർച്ച.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**2016 ഒക്ടോബർ 14/1395 ഇഖാ 14**
**മസ്ജിദു ബയ്ത്തുൽഇസ്‌ലാം ടൊറാൻഡോ കാനഡ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ ـ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ ـ اَلرَّحْمٰنِ الرَّحِيمِ ـ مٰلِكِ يَوْمِ الدِّينِ ـ
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ـ اِهْدِنَا الصِّرَاطَ الْمُسْتَقِيمَ ـ
صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّآلِّينَ ـ

അല്ലാഹുവിന്റെ കൃപയാൽ കാനഡ അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസസാലാന കഴിഞ്ഞയാഴ്ച സംഘടിപ്പിക്കുകയുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ പ്രകടിപ്പിച്ചുകൊണ്ട് സമാപിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ നമ്മൾ അല്ലാഹുവിന് എത്ര നന്ദിപറഞ്ഞാലും കുറവായിരിക്കും. നമുക്ക് പരിമിതമായ പ്രവർത്തനമാർഗങ്ങൾ മാത്രമേ ഉള്ളൂവെങ്കിലും ലോകത്ത് എല്ലായിടത്തും ജൽസ സംഘടിപ്പിക്കാൻ തൗഫീഖ് നല്കുന്നുവെന്നത് അല്ലാഹുവിന്റെതന്നെ അനുഗ്രഹമാണ്. അല്ലാഹുവിന്റെ മാത്രം പ്രത്യേക കൃപയാൽ പൊതുവെ സജ്ജീകരണങ്ങളും നല്ലതാകാറുണ്ട്. നമ്മുടെ പക്കൽ വിവിധ വകുപ്പുകളിൽ ജോലിചെയ്ത് അതിൽനല്ല നിലവാരമുണ്ടാക്കാൻ പറ്റിയ തൊഴിലുപരമായി വൈദഗ്ദ്ധ്യമുള്ള ആളുകളില്ല. ഖുദ്ദാമിൽനിന്നും അത്ഫാലിൽനിന്നും അൻസ്വാറിൽനിന്നും ലജ്നയിൽ നിന്നും നാസിറാത്തിൽനിന്നുമുള്ള സന്നദ്ധസേവകരാണുള്ളത്, വാളണ്ടിയർമാരാണുള്ളത്. ഓഫീസർമാരും അവരിൽനിന്നാണ് നിശ്ചയിക്കപ്പെടുന്നത്. ഭൗതികവിദ്യാഭ്യാസം നോക്കുമ്പോൾ ചിലപ്പോൾ കുറഞ്ഞ വിദ്യാഭ്യാസമുള്ളവരും ഓഫീസർമാരായി നിയമിക്കപ്പെടാറുണ്ട്. അപ്പോൾ ഡോക്ടറാണെങ്കിലും എഞ്ചിനിയറാണെങ്കിലും പി.എച്ച്.ഡി കാരനാണെങ്കിലും അയാളെ അനുസരിക്കുന്നു. തനിക്ക് ഉന്നത വിദ്യാഭ്യാസമാണുള്ളത് തന്റെ നില ഉയർന്നതാണ് എന്ന നിലയിൽ ഒരു വ്യത്യാസവും ഉണ്ടാകുന്നില്ല. അനുസരണത്തിന്റെ ഈ നിലവാരം അഹ്മദിയ്യാ ജമാഅത്തിൽ നമ്മൾ കാണുന്നു. എല്ലാ രീതിയിലും പിന്നീട് സഹായിക്കുകയും ചെയ്യുന്നു. സഹായിക്കുക മാത്രമല്ല ഞാൻ മുമ്പേ പറഞ്ഞതുപോലെ പൂർണമായും അനുസരിക്കുന്നു. അനുസരിച്ചുകൊണ്ട് തന്റെ എന്തു നിർബന്ധ കടമയായാലും, ഡ്യൂട്ടിയായാലും സേവനമായാലും പൂർത്തീകരിക്കുന്നു. ഈ മൂന്നു ദിവസങ്ങളിൽ ഡ്യൂട്ടിനല്കുന്ന എല്ലാവരുടേയും മനസ്സിൽനിന്ന് പ്രത്യേകമായ നിലയിൽ ഭൗതിക ചിന്തകൾ തികച്ചും അപ്രത്യക്ഷമായതുപോലെ തോന്നുന്നു. വെറും ജൽസയും നിസ്വാർഥതയോടുകൂടി പണിയെടുക്കലുമായിരിക്കും ഭൂരിഭാഗമാളുകളുടേയും ചിന്ത. അല്ലെങ്കിൽ തങ്ങളെ സേവനത്തിനായി സമർപിക്കുന്നവരുടെ ചിന്ത. കർമത്തിന് നിസ്വാർഥതയും എളിമയും പ്രദാനം ചെയ്യുന്ന ചിന്തകളെ ഇത്തരം ധാരയിലേക്ക് ഇടുക എന്നത് മാനുഷികമായ പ്രവൃത്തിയല്ല. ഇത് അല്ലാഹുവിന്റെ കൃപയൊന്ന് മാത്രമാണ്. അല്ലാഹുവിന്റെ അനുഗ്രഹമില്ലെങ്കിൽ ഏതൊരു വികാരത്തോടെയാണോ എല്ലാ കുട്ടികളും യുവാക്കളും വൃദ്ധരും സ്ത്രീകളും പുരുഷന്മാരും ജോലി ചെയ്തുകൊണ്ടിരിക്കുന്നത് ഒരിക്കലും അതുണ്ടാകുകയില്ല. നിങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളുടെ സേവനത്തിനായി എല്ലാ ചിന്താഗതികൾക്കും എല്ലാ ആഗ്രഹങ്ങൾക്കുമതീതമായി നിങ്ങളെ സമർപിക്കുകയും പണിയെടുക്കുകയും വെറും അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളുടെ സേവനം മുമ്പിൽ വെക്കുകയും ചെയ്യണമെന്ന വികാരം അല്ലാഹുതന്നെയാണ് ഈ എല്ലാ പ്രവർത്തകരുടേയും മനസ്സിൽ ഉണ്ടാക്കുന്നത്.

അതുകൊണ്ട് വിദ്യാസമ്പന്നരായിട്ടും ടോയ്‌ലറ്റ് വൃത്തിയാക്കാൻ പറഞ്ഞാൽ അതും ചെയ്യുന്ന, ഭക്ഷണം പാകം ചെയ്യാൻ പറഞ്ഞാൽ അതും ചെയ്യുന്ന, ഭക്ഷണം വിതരണം ചെയ്യാൻ പറഞ്ഞാൽ അതും ചെയ്യുന്ന സേവന സന്നദ്ധരായ ആളുകളെ ജമാഅത്തിന് നല്കിയതിന് നമ്മൾ ഏറ്റവുമാദ്യം അല്ലാഹുവിന് നന്ദിയുള്ളവരായിരിക്കണം. സുരക്ഷാ ഡ്യൂട്ടികൾ നല്കുന്നു. പാർക്കിംഗ് ഡ്യൂട്ടികൾ നല്കുന്നു. ഇപ്രകാരം വിവിധ വകുപ്പുകളിൽ ജോലികൾ ചെയ്യുന്നു. നിസ്വാർഥരായിക്കൊണ്ട് ഞാൻ പറഞ്ഞതുപോലെ അവർ പണിയെടുക്കുന്നു. കുട്ടികൾ ഉത്സാഹത്തോടെ തങ്ങളുടെ ഡ്യൂട്ടികൾ നിർവഹിക്കുന്നു. കുട്ടികൾ ജൽസാഗാഹിൽ അതിഥികൾക്ക് നിശബ്ദരായും താൽപര്യത്തോടുംകൂടി വെള്ളം വിതരണം ചെയ്യുമ്പോൾ പുറമെ നിന്നുള്ള അതിഥികൾക്ക് ആകർഷിക്കപ്പെടാതിരിക്കാൻ സാധിക്കുകയില്ല. മുസ്‌ലിം മതഗ്രൂപ്പുകളുടെ മദ്രസകളിൽ പോകുന്ന കുട്ടികൾക്കും യുവാക്കൾക്കും ജിഹാദിന്റെ പേരിൽ തെറ്റായ പ്രവൃത്തികൾചെയ്യാനും അക്രമം പ്രവർത്തിക്കാനും ശിക്ഷണം നല്കുകയും അക്രമപരമായ നിലയിൽ മനുഷ്യജീവനുകളെ നശിപ്പിക്കാനും ജീവിതം അവസാനിപ്പിക്കാനും ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന പരിതഃസ്ഥിതിയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ കുട്ടികളിലും യുവാക്കളിലും ജീവൻ പ്രദാനം ചെയ്യുന്ന ജോലികൾ ചെയ്യാനുള്ള സേവന വികാരം എങ്ങനെയാണ് സൃഷ്ടിക്കുന്നതെന്ന് അവർ അത്ഭുതത്തോടെ ചോദിക്കുന്നു. ഇക്കാര്യം ചിലയാളുകൾ പ്രകടിപ്പിക്കാറുമുണ്ട്. ചെറിയ കുട്ടികൾ വളരെ സന്തോഷത്തോടും ഉത്തരവാദിത്വത്തോടുംകൂടി വെള്ളം വിതരണം ചെയ്തുകൊണ്ടിരിക്കുമ്പോൾ അനിയന്ത്രിതമായി അവരോടു സ്നേഹമുണ്ടാകുന്നു. നമ്മൾ ഇതിന് അല്ലാഹുവിനോടു നന്ദി പറയുന്നതിനോടൊപ്പം പങ്കെടുക്കുന്ന എല്ലാവർക്കും ജൽസയിലിരുന്ന് കേൾക്കുന്നവർക്കും ജൽസയുടെ ഒരുക്കങ്ങൾക്കായി ജൽസയ്ക്കുമുമ്പേ പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ശേഷവും വയിന്റപ്പ് ജോലിക്കായി സമയം നല്കുകയും ചെയ്ത ആ പ്രവർത്തകരോടും നമ്മൾ നന്ദി പറയേണ്ടതാണ്. അവർക്ക് തങ്ങളുടെ വ്യക്തിഗതമായ ജോലികളിൽ ബുദ്ധിമുണ്ടാകുമെന്നത് പ്രശ്നമല്ല. സാമ്പത്തിക നഷ്ടവും അവർക്ക് പ്രശ്നമില്ല. ചിലർ എന്നെ കണ്ടു. ജൽസയ്ക്ക് ഡ്യൂട്ടികൊടുക്കാൻ അവധി കിട്ടിയില്ലെങ്കിൽ തങ്ങൾ ജോലികൾതന്നെ

ഉപേക്ഷിക്കാറുണ്ടെന്ന് അവർ എന്നോടു പറഞ്ഞു. ഇവർ തങ്ങളുടെ ഉറക്കമോ വിശ്രമമോ നോക്കാറില്ല. സേവനം ചെയ്യണം ജൽസയുടെ ഒരുക്കങ്ങൾ എങ്ങനേയും ഭംഗിയാക്കാൻ ശ്രമിക്കണമെന്ന ഒരു ചിന്തയോടുകൂടി ഇവർ ജോലിയെടുക്കുന്നു. അതിനാൽ ജൽസയിൽ പങ്കെടുക്കുന്നവരോടു പറയുന്നതിനുമുമ്പേ സന്നദ്ധ സേവനത്തിന് തങ്ങളെ സമർപ്പിച്ചതിനും ഒരു സേവന വികാരത്തോടുകൂടി ഏറ്റവും ചെറിയ ജോലികൾപോലും സന്തോഷത്തോടും വലിയ ഉത്തരവാദിത്വത്തോടുംകൂടി പൂർത്തിയാക്കിയതിനും ആദ്യം ഞാൻ സ്വയം എല്ലാ ഉദ്യോഗസ്ഥന്മാർക്കും കുട്ടികൾക്കും അതിഥികൾക്കും പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും സ്ത്രീകൾക്കും പുരുഷന്മാർക്കും നന്ദി പറയുകയാണ്. ഈ ജോലി യഥാർഥത്തിൽ ഒരു നിശബ്ദ തബ്‌ലീഗാണ്. ബാഹ്യമായി നോക്കുമ്പോൾ ഏർപാടുകൾ ചെയ്യുന്നവരാണ് ജോലികൾ ചെയ്യുന്നത്. പക്ഷേ, വരുന്ന അന്യർക്കും ഇത് തബ്‌ലീഗിനുള്ള മാർഗമായിത്തീരുന്നു. ധാരാളമാളുകൾക്ക് ഹിദായത്തിനുള്ള മാർഗമായി ഭവിക്കുന്നു. അമേരിക്കയിൽ നിന്ന് ബംഗാളി അഹ്മദികളോടൊപ്പം വന്ന ഒരു അനഹ്മദീ ബംഗാളി സ്നേഹിതൻ ശഹീദുർറഹ്മാൻ പറയുന്നു: 'ജീവിതം മുഴുവൻ മുല്ലാക്കമാരുമായി വഴക്കിട്ടുകൊണ്ടിരുന്നു.' അദ്ദേഹത്തിന്റെ മുമ്പിൽ സമർപിക്കപ്പെട്ട ഇസ്‌ലാം സുന്നി മസ്ജിദുകളിൽനിന്ന് അദ്ദേഹത്തെ അകറ്റി നിറുത്തി. ഭീകരവാദത്തോടു അദ്ദേഹത്തിന് വെറുപ്പായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ നല്ലൊരു സ്ത്രീയായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസയിൽ പോകണമെന്ന് ഭാര്യ അദ്ദേഹത്തോടു താക്കീതുചെയ്തു പറഞ്ഞു. ഏകദേശം 91 ബംഗാളികളാണ് അമേരിക്കയിൽനിന്ന് ജൽസയിൽ പങ്കെടുത്തത്. അങ്ങനെ അദ്ദേഹം തന്റെ ബംഗാളി സുഹൃത്തുക്കളോടൊപ്പം ജൽസയിൽ പങ്കെടുത്തുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങളുടെ തർബിയ്യത്തും സ്നേഹവും ആദരവും കണ്ടു. അദ്ദേഹം പറയുന്നു:

'ജൽസ കണ്ടതോടുകൂടി ഞാൻ ഇസ്‌ലാമിലേക്ക് വീണ്ടും മടങ്ങി വന്നിരിക്കുകയാണ്.' ജൽസയുടെ സമാപന ദിവസം അദ്ദേഹം മറ്റുള്ളവരിൽനിന്ന് മാറി വേറിട്ടൊരു കസേരയിൽ ഇരിക്കുകയായിരുന്നു. ആളുകളുടെ തിരക്കുകാരണം അദ്ദേഹം ഭക്ഷണത്തിന് അവിടെ പോകാൻ ഇഷ്ടപ്പെട്ടിരുന്നില്ല. ആ സമയം ഒരു യുവാവ് അദ്ദേഹത്തിന്റെ അടുക്കലെത്തി. അദ്ദേഹത്തിന് ഭക്ഷണവും വെള്ളവും നല്കി. അദ്ദേഹം ഭക്ഷണം കഴിച്ചു കഴിയുന്നതുവരെ അവിടെ നിന്നു; അദ്ദേഹം ഭക്ഷണം കഴിച്ചുകഴിഞ്ഞാൽ ആ ഒഴിഞ്ഞ പാക്കറ്റ് വാങ്ങി ഇടേണ്ട സ്ഥലത്ത് ഇടാനായിരുന്നു ആ കാത്തുനിൽപ്. ഈ സംഭവം അദ്ദേഹത്തിൽ എത്രമാത്രം സ്വാധീനം ചെലുത്തിയെന്നാൽ അദ്ദേഹം ഞാനുമായുള്ള കൂടിക്കാഴ്ചയിൽ ഈ അനുഭവം പറയുകയും ചെയ്തു. ഇൻശാ അല്ലാഹു അദ്ദേഹം എത്രയും പെട്ടെന്ന് ജമാഅത്തിൽ പ്രവേശിക്കുന്നതാണ്. ഈ രീതിയിൽ ജൽസമുഖേന തബ്‌ലീഗും നടക്കുന്നു. വെറും ഒരു ഖാദിമിന്റെ ഉന്നതമായ സ്വഭാവവും ആ സേവകന്റെ നിസാരമായ സേവനവും അദ്ദേഹത്തിന്റെ ചിന്താഗതികൾ മാറ്റുന്നതാക്കി തീർത്തു. ആ യുവാവിന് ഇദ്ദേഹം അഹ്മദിയാണോ അല്ലേ എന്ന കാര്യം കൂടി അറിവുണ്ടാകുകയില്ല. ആ യുവാവ് ഒരു വികാരത്തോടുകൂടി സേവനം ചെയ്തതാണ്. പക്ഷേ, ആ സേവനം അന്യനിൽ ആത്മീയമായ മാറ്റത്തിനുള്ള മാർഗമായിത്തീർന്നു. ഇതേ രീതിയിൽ ചില രാഷ്ട്രീയക്കാരുമുണ്ട്. ഈ പ്രദേശത്ത് വസിക്കുന്നവരുമുണ്ട്. അവർ പൊതുവെ ജമാഅത്തിന്റെ സേവനങ്ങൾ അറിയുന്നവരാണ്. അത് അംഗീകരിച്ചുകൊണ്ടിരിക്കുന്നവരുമാണ്. അവരിലും ജൽസയുടെ സജ്ജീകരണങ്ങൾ ഓരോ പ്രാവശ്യവും ഒരു പുതിയ സ്വാധീനം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഇത്ര വലിയ ആൾക്കൂട്ടവും അവർ സമാധാനപരമായ രീതിയിൽ ഇരിക്കുന്നതും പ്രവർത്തകർ സമാധാനത്തോടുകൂടി തങ്ങളുടെ ജോലികൾ ചെയ്തുകൊണ്ടിരിക്കുന്നതും അവരെ വല്ലാതെ സ്വാധീനിക്കുന്നു.

ഇവിടത്തെ Vaughan പാർലമെന്റംഗമാണ് Deb Schulte. അദ്ദേഹം പറയുന്നു: 'എപ്പോഴുമെന്നപോലെ ഞാൻ ഇന്നും വളരെ ആകർഷിതനായിരിക്കുന്നു. ജൽസയിൽ കണ്ട സന്നദ്ധസേവകരെല്ലാം ഈ ജൽസയെ അങ്ങേയറ്റം ചിട്ടയോടുകൂടി നടത്തിക്കൊണ്ടിരിക്കുന്നു.' വീണ്ടും പറയുന്നു: 'എന്റെ ഏകദേശ കണക്കനുസരിച്ച് ഇന്നിവിടെ ഇരുപത്തയ്യായിരത്തിലേറെ ആളുകൾ സമ്മേളിച്ചിട്ടുണ്ട്. ജൽസയുടെ ഭംഗിയായ രീതിയിലുള്ള നടത്തിപ്പ് സന്നദ്ധ സേവകരുടെ കഠിനപ്രയത്നത്തിന്റെ ഫലമാണ്.' അതുകൊണ്ട് ഈ സന്നദ്ധ സേവകർ വലിയ സ്വാധീനമാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ പ്രവർത്തകർക്കും നമ്മൾ നന്ദി പറയേണ്ടതാണ്. അവർ അതിഥികൾക്ക് നിസ്വാർഥരായി സേവനം ചെയ്യുന്നതിനോടൊപ്പം ഒരു നിശബ്ദ തബ്‌ലീഗായിക്കൊണ്ട് അഹ്മദിയ്യത്തിന്റെ സന്ദേശവും എത്തിച്ചുകൊണ്ടിരിക്കുന്നു. പങ്കെടുക്കുന്ന എല്ലാവരും ഞാൻ ആദ്യവും പറഞ്ഞതുപോലെ ഇവർക്ക് നന്ദി പറയേണ്ടതാണ്. അല്ലാഹു ഈ എല്ലാ പ്രവർത്തകരുടേയും സേവനവികാരത്തെ എപ്പോഴും വർധിപ്പിച്ചുകൊണ്ടിരിക്കുമാറാകട്ടെ. അവർക്ക് ഈ സേവനത്തിന് ഉത്തമമായ പ്രതിഫലം നല്കുമാറാകട്ടെ. അവരുടെയെല്ലാം ഈ സേവനം വെറും ബാഹ്യമായിട്ടുള്ളതാകാതിരിക്കട്ടെ. പ്രത്യുത ഈമാനും യഖീനും വർധിപ്പിച്ചുകൊണ്ടിരിക്കുമാറാകട്ടെ. അവരുടെ കർമങ്ങളും ഉത്തമമായിട്ടുള്ളതായിരിക്കട്ടെ. അത് ഇസ്‌ലാമികാധ്യാപനമനുസരിച്ചുള്ളതായിരിക്കട്ടെ.

ഇതുപോലെതന്നെ എം.ടി.എ യുടെ പ്രവർത്തകരുണ്ട്. ജൽസയിൽ പങ്കെടുക്കുന്നവരും അല്ലെങ്കിൽ ജൽസയിൽ പങ്കെടുക്കാൻ കഴിയാത്ത കാനഡയിൽ വസിക്കുന്നവരും അവർക്ക് നന്ദി പറയുന്നതിനോടൊപ്പം ലോകത്ത് വസിക്കുന്ന എല്ലാ അഹ്മദികളും അവരോടു നന്ദിയുള്ളവരായിരിക്കേണ്ടതാണ്. ധാരാളം പ്രവർത്തകർ ഇവിടത്തെ തദ്ദേശവാസികളാണ് വാളന്റിയർമാരാണ്(Volunteers). കുറച്ചുപേർ ഇവിടെ ജോലിചെയ്യുന്നവരാണ്. കുറച്ച് ലണ്ടൻ കേന്ദ്രത്തിൽ നിന്നുവന്നവരാണ്. എല്ലാവരും ഒറ്റ ശ്രമംകൊണ്ട് ജൽസയുടെ മൂന്നു ദിവസങ്ങളിലേയും പരിപാടികൾ തൽസമയം കാണിക്കുന്നതിനുള്ള ഏർപാടു ചെയ്തു. ഞാൻ പറഞ്ഞതുപോലെ ലണ്ടനിൽനിന്നും ടീം വന്നിരുന്നു. ഞാനെവിടെ പോകുകയാണെങ്കിലും എം.ടി.എ യുടെ കേന്ദ്ര ടീം അപ്പ്‌ലിങ്കിനായി വരുന്നു. ഇവിടന്ന് വാടകയ്ക്കെടുക്കുന്നതിനു പകരം ഇപ്രാവശ്യം തങ്ങളുടെ ഒരു ഡിഷും അവർ കൂടെക്കൊണ്ടുവന്നിരിക്കുന്നു. ഇതുകൊണ്ട് ഒരുപാട് ഫലവുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ നമ്മൾ എപ്പോഴും സ്വതന്ത്രരായിരുന്നു. കാരണം വാടകയ്ക്കെടുക്കുമ്പോൾ സമയം പാലിക്കേണ്ടിവരുന്നു. സമയം കുറച്ച് അധികമായാൽ അധികം വാടക കൊടുക്കേണ്ടിവരുന്നു. മൊത്തത്തിൽ നോക്കുമ്പോൾ പത്തു, പതിനയ്യായിരം രൂപയുടെ ലാഭമാണ് ഇതുകൊണ്ട് നമുക്കുണ്ടായത്.

ഓരോ വകുപ്പിലേയും ഉദ്യോഗസ്ഥർ അവരവരുടെ വകുപ്പുകളിൽ ചെയ്ത പ്രവർത്തനങ്ങൾക്ക് ജമാഅത്തംഗങ്ങൾ നന്ദി കാണിക്കേണ്ടതാണ്. ഇതുപോലെതന്നെ തങ്ങൾക്ക് അവരെ സേവിക്കാൻ തൗഫീഖ് ലഭിച്ചതിന് പ്രവർത്തകരും നന്ദികാണിക്കേണ്ടതാണ്. നിങ്ങൾ നന്ദിയുള്ളവരാകുകയാണെങ്കിൽ ഞാൻ നിങ്ങളുടെ കഴിവുകളേയും നിങ്ങളുടെ ശക്തികളേയും വർധിപ്പിക്കുമെന്നും എന്റെ ബാക്കിയുള്ള നിഅ്മത്തുകളും നല്കുമെന്നും അല്ലാഹുവും പറയുന്നു. അല്ലാഹു അസീദന്നക്കും എന്നു പറയുമ്പോൾ ഒരു കാര്യവും പരിമിതമായി വെക്കുകയില്ല. അല്ലാഹു കടാക്ഷിക്കുമ്പോൾ കണക്കില്ലാതെ കടാക്ഷിക്കുന്നു. എല്ലാ വിധത്തിലും കടാക്ഷിക്കുന്നു. വിജയങ്ങളിലും നല്ല കാര്യങ്ങളിലും അല്ലാഹുവിന് നന്ദി കാണിക്കുക എന്നതാണ് സത്യവിശ്വാസികളുടെ രീതി. ദൗർബല്യങ്ങൾ കാണുമ്പോൾ കരുണ തേടുകയും ഇസ്തിഗ്ഫാർ ചെയ്യുകയും ചെയ്യുക.

വലിയ ഒരുക്കങ്ങൾ ചെയ്യുമ്പോൾ പോരായ്മകളുമുണ്ടാകും. പക്ഷേ, അതിഥികൾ വീഴ്ചകളെല്ലാം അവഗണിച്ച് പൊതുവെ എല്ലാ ജോലികളേയും അഭിനന്ദിച്ചു. അതുകൊണ്ട് പ്രവർത്തകർ സ്വന്തക്കാരും അന്യരുമായ എല്ലാ അതിഥികൾക്കും നന്ദി പറയേണ്ടതാണ്. ഉദാഹരണത്തിന് പോരായ്മകളെ കുറിച്ച് പറയുമ്പോൾ ജൽസയുടെ ആദ്യ ദിവസം അതിഥി സൽക്കാര വകുപ്പ് എത്രപേർ വരുമെന്ന് ശരിയായ കണക്കെടുത്തിരുന്നില്ല. വാസ്തവത്തിൽ ഇരുപത്തിരണ്ടായിരം ആളുകൾക്കുള്ള ഭക്ഷണം തങ്ങൾ തയ്യാറാക്കുമെന്ന് തലേ ദിവസം എന്നോടു പറഞ്ഞതാണ്. ഇത്രയും ആളുകളെ തങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്.

എന്നിട്ടും ഇരുപതിനായിരം ആളുകൾക്കുള്ള ഭക്ഷണമേ തയ്യാറാക്കിയുള്ളു. ഇക്കാരണത്താൽ വകുപ്പ് അധികാരികളുടെ കണക്കനുസരിച്ച് രണ്ടായിരമാളുകൾക്ക് ഭക്ഷണം കിട്ടിയില്ല. അതിൽ അവർ ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. പക്ഷേ, അതിഥികളും ജൽസ കേൾക്കുക എന്നുദ്ദേശ്യത്തോടെയാണ് വന്നത്. ആ ദിവസമോ അടുത്ത ദിവസമോ ഭക്ഷണത്തിൽ എന്തെങ്കിലും കുറവുണ്ടായിട്ടുണ്ടെങ്കിൽത്തന്നെ ചിലർ മനസന്തോഷത്തോടെ അത് സഹിക്കുകയുണ്ടായി. ഒരു പരാതിയും പറഞ്ഞില്ല. എന്നല്ല ചിലർ മറ്റുള്ളവരെ പരിഷ്കരിക്കുന്നതിനും നിമിത്തമായി. ഒരു സാഹിബ് എനിക്കെഴുതി:'ഭക്ഷണവിതരണ സ്ഥലത്ത് നീണ്ട ക്യൂ (queue) ആയിരുന്നു. ഭക്ഷണം വരുന്നുവെന്ന് ആദ്യം പറഞ്ഞുകൊണ്ടിരുന്നു. ഭക്ഷണം തീർന്നിരിക്കുന്നു ഇനി വരികയില്ലെന്ന് പിന്നീടു പറഞ്ഞു. ഇതുകേട്ട് ഞാൻ സംഘാടകരെ പഴി പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. വളരെ ദ്വേഷത്തിലായിരുന്നു ഞാൻ. ഇത്രയുമായപ്പോൾ അദ്ദേഹത്തിന്റെ മുമ്പിൽനിന്ന ഒരാൾ പറഞ്ഞു, അൽഹംദുലില്ലാഹ് ഭക്ഷണം തീർന്നു. പറയുന്നു: താങ്കളെന്താണ് പറയുന്നതെന്ന് ഞാൻ അയാളോടു ചോദിച്ചു. അദ്ദേഹം പറഞ്ഞു, ഉണങ്ങിയ കുറച്ച് റൊട്ടിക്കഷണങ്ങൾ എന്റെ കൈയിലുണ്ട്. താങ്കൾവരിക. നമുക്ക് അത് വെള്ളത്തിൽമുക്കി തിന്നാം. ഭക്ഷണം കിട്ടുകയാണെങ്കിൽ നമുക്ക് ഈ സുന്നത്ത് പൂർത്തിയാക്കാൻ സാധിക്കുകയില്ല. ഇന്ന് ഈ സുന്നത്തും പൂർത്തിയാക്കുക.' ഈ പറയുന്നയാൾ എനിക്കെഴുതുന്നു: 'ഇതുകേട്ട് എന്റെ ദ്വേഷം അകന്നുവെന്നുമാത്രമല്ല. എനിക്കെന്തിന് ദ്വേഷം വന്നു എന്നോർത്തു നാണവും വന്നു. അല്ലാഹു എങ്ങനെയൊക്കെയുള്ള ആളുകളെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിന് നല്കിയിരിക്കുന്നതോർത്ത് ഞാൻ വളരെ വികാരഭരിതനായി.'

അതുകൊണ്ട് സംഘാടകരും ഇത്തരം ഉന്നതമായ സ്വഭാവങ്ങൾ കാണിക്കുന്ന അതിഥികൾക്ക് നന്ദി പറയേണ്ടതാണ്. ഇത്തവണ സംഘാടകരിൽനിന്ന് ഈ ഒരു നല്ലവശംകൂടി മുന്നിൽ വരികയുണ്ടായി; അവർ തങ്ങളുടെ കാര്യങ്ങൾ മറച്ചുവെക്കുന്ന


## ഇർശാദുന്നബ്‌വി(സ)

"ഒരു വ്യക്തിയിൽ ഇസ്‌ലാം പരിപൂർണമായി എന്നതിന്റെ ലക്ഷണം തനിക്കാവശ്യമില്ലാത്ത കാര്യങ്ങളിൽനിന്ന് അവൻ ഒഴിഞ്ഞു നില്ക്കലാകുന്നു." (തുർമുദി)

**ത്വാലിബെ ദുആ:**
**പി.പി.ഹസ്സൻ കോയ, മഞ്ചേരി**

## ഇർശാദുന്നബ്‌വി(സ)

നബി(സ)തിരുമേനി പതിവായി പ്രാർഥിക്കാറുണ്ട്: "അല്ലാഹുവേ! ക്ഷേമവും പവിത്രതയും ഭക്തിയും സന്മാർഗവും എനിക്ക് പ്രദാനം ചെയ്യേണമേ." (മുസ്‌ലിം)

**ത്വാലിബെ ദുആ:**
**പി.യൂസുഫ് & കുടുംബാംഗങ്ങൾ മാത്തോട്ടം**

## ഇർശാദുന്നബ്‌വി(സ)

"നിങ്ങൾ അല്ലാഹുവിൽ ഭരമേല്പിക്കേണ്ട പ്രകാരം ഭരമേല്പിച്ചാൽ പക്ഷികൾക്ക് തീറ്റകൊടുക്കുംവിധം അവൻ നിങ്ങൾക്കും ആഹാരം നല്കുന്നതായിരിക്കും." (മുത്തഫിഖുൻ അലയ്ഹി)

**ത്വാലിബെ ദുആ:**
**ആശിഖ് അഹ്മദ്, കണ്ണൂർ സിറ്റി**

തിനുപകരം, തങ്ങളുടെ കുറവുകൾ രഹസ്യമാക്കി വെക്കുന്നതിനുപകരം തങ്ങളുടെ കുറവുകളിൽ ദൃഷ്ടിപ്പതിപ്പിച്ച് അത് പ്രകടിപ്പിക്കുകയും ചെയ്തു. പക്ഷേ, ഇത്രമാത്രംപോര. പ്രത്യുത സംഘാടകരുടെ കൈയിലുള്ള റെഡ്ബുക്കിൽ ഇതെല്ലാം എഴുതുകയും വേണം. ഭാവിയിൽ കുറ്റമറ്റ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്. ഇതിനോടൊപ്പം ഞാൻ ഇതുംകൂടെ പറയട്ടെ, പതിനെട്ടായിരമോ പത്തൊമ്പതിനായിരമോ ഏറ്റവും കൂടിയാൽ ഇരുപതിനായിരമോ ആളുകളെ ഈ സ്ഥലത്ത് കൊള്ളുകയുള്ളൂ. അതിനെക്കാൾ കൂടുതൽ കൊള്ളുകയില്ല. ഇപ്പോൾ ജമാഅത്ത് അല്ലാഹുവിന്റെ കൃപയാൽ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് വലിയ സ്ഥലത്തെ കുറിച്ചും സംഘാടകർ ചിന്തിക്കേണ്ടതാണ്. ഇനി കുറഞ്ഞപക്ഷം എന്നെ ജൽസയിൽ ക്ഷണിക്കണമെങ്കിൽ ഈ സ്ഥലം എന്തായാലും മതിയാകുകയില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ നിർബന്ധമായും ആലോചിക്കുക.

സംഘാടകർ അവരുടെ വീഴ്ചകൾ സ്വയം പ്രകടിപ്പിക്കുകയുണ്ടായി. അതും ഞാൻ പറയട്ടെ. അതിൽ ചില പരാതികൾ ആദ്യമേതന്നെ എനിക്കു കിട്ടിയിരുന്നു. ഇതുകൊണ്ട് അത് ശരിയുമാണ്. ഇതുകൂടാതെ എന്തെങ്കിലുമുണ്ടെങ്കിൽ മികച്ച ഏർപാടുകൾ ചെയ്യുന്നതിന് ആളുകൾക്ക് സ്വയം സംഘാടകരെ അതെഴുതി അറിയിക്കാവുന്നതാണ്.

ആദ്യം കിട്ടിയ പരാതി അറേബ്യൻ അതിഥികളുടെ ഭക്ഷണത്തിന്റെ നിലവാരത്തെ കുറിച്ചാണ്. അതായത് ഭക്ഷണത്തിൽ മുളക് അധികമായിരുന്നുവെന്ന്. അത് അറബികളുടെ ഭക്ഷണ രീതിയനുസരിച്ചായിരുന്നില്ല. അത് ശരിയാക്കേണ്ടതാണ്. പിന്നീട് ഭക്ഷണക്കുറവും അവർ പ്രകടിപ്പിച്ചു. ഇതിനെക്കുറിച്ച് ഞാൻ ആദ്യമേ പറഞ്ഞുകഴിഞ്ഞതാണ്. പിന്നീട് പറഞ്ഞത് പുരുഷന്മാർക്ക് ഭക്ഷണം ഒരു മണിക്കൂർ വൈകിയാണ് കിട്ടിയതെന്നാണ്. ഒന്നാമത്തെ കാര്യം ഇടയ്ക്കുള്ള ദൂരം കൂടുതലാണെന്നതാണ്. ഭക്ഷണം ഇവിടെ ഉണ്ടാക്കുന്നു. പിന്നീട് 30 കിലോമീറ്റർ ദൂരത്ത് കൊണ്ടുപോകേണ്ടി വരുന്നു. ഒരു ട്രക്ക് അബദ്ധത്താൽ പുരുഷന്മാരുടെ അടുത്ത് പോകേണ്ടതിനുപകരം സ്ത്രീകളുടെ ഭാഗത്തേക്ക് പോയി. അതുകൊണ്ട് പുരുഷന്മാർക്ക് ബുദ്ധിമുട്ടേണ്ടി വന്നു. ഇനി പുരുഷന്മാർ ബുദ്ധിമുട്ട് സഹിച്ചെങ്കിൽ അതു സാരമില്ല. സ്ത്രീകളേയും കുട്ടികളേയും പട്ടിണിക്കിടാൻ പാടില്ല. അതുകൊണ്ട് ട്രക്ക് അവിടെ പോയത് നന്നായി.

പണ്ടാരിമാരുടെ കുറവുണ്ടായിരുന്നുവെന്നാണ് സംഘാടകർ പറഞ്ഞത്. ഇതു പൂർത്തിയാക്കേണ്ടത് ജമാഅത്തിന്റെ ജോലിയാണ്. ജമാഅത്തിൽ പണിയെടുക്കുന്നവരുടെ ഒരു കുറവുമില്ല. സേവനതൽപരരായ ആളുകളെ എടുക്കണമെന്ന് മാത്രം. ഇത് സംഘാടകർ ചിന്തിക്കേണ്ടതാണ്. തങ്ങൾക്കിഷ്ടപ്പെട്ടവരെ എടുക്കരുത്. ഈ ചിന്താഗതിയും മാറ്റുക. സേവനാവേശമുള്ള ആളുകൾ അല്ലാഹുവിന്റെ കൃപയാൽ അഹ്മദിയ്യാ ജമാഅത്തിൽ ഒരുപാടുണ്ട്.

ജൽസാഗാഹിലെ വാഷ് റൂമിൽ ആളുകൾക്ക് ദീർഘനേരം കാത്തുനില്ക്കേണ്ടിവന്നു. ഇതിനെക്കുറിച്ച് ആളുകൾ പരാതിപ്പെട്ടിട്ടുമുണ്ട്. സംഘാടകർക്കുതന്നെയും അതു തോന്നി. എന്നല്ല എനിക്ക് ചില പരാതികളും ലഭിച്ചിട്ടുണ്ട്. വെറും കാത്തുനില്ക്കേണ്ടിവരിക മാത്രമല്ല. ചിലയാളുകൾക്ക് അവരിൽ രോഗികളും മറ്റുള്ളവരുമുണ്ട് വലിയ ബുദ്ധിമുട്ടും സഹിക്കേണ്ടിവന്നു. ഇതിന് ശരിയായ ഏർപ്പാടു ചെയ്തിട്ടുണ്ടോ എന്ന് ഞാൻ ഒരു ദിവസം മുമ്പേ പ്രത്യേകം ഇവരോടു ചോദിക്കുകയും ചെയ്തതാണ്. എന്നോടു പറയപ്പെട്ടതുവെച്ചുനോക്കുമ്പോൾ ശരിയായ ഏർപാടു ചെയ്തിരുന്നില്ല എന്നു തോന്നുന്നു. അവിടെ സ്ഥിരമായ ഏർപാടില്ലെങ്കിൽ ഭാവിയിൽ താൽക്കാലികമായ ഏർപാടും ചെയ്യേണ്ടതാണ്.

ലങ്കർഖാനയിൽ ഓഡിയോ വീഡിയോയുടെ സംവിധാനമുണ്ടായിരുന്നില്ല. ഇത് നടത്തിപ്പിന്റെ ദോഷമാണ്. വാസ്തവത്തിൽ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജൽസ കേൾക്കാൻ പോകാൻ പറ്റാത്ത പ്രവർത്തകർക്ക് ജൽസ കേൾക്കാനുള്ള സംവിധനമുണ്ടായിരിക്കേണ്ടതാണ്. പിന്നീട് പറയുന്നത് പുരുഷന്മാരുടെ പിൻഭാഗത്ത് ശബ്ദം വ്യക്തമായിരുന്നില്ല എന്നാണ്. പക്ഷേ, എന്റെ ഖുത്ബയോ പ്രസംഗങ്ങളോ ആയിരുന്നപ്പോൾ എന്നോടു പറയപ്പെട്ടത് എന്റെ പ്രസംഗം കേൾക്കുമ്പോൾ ശബ്ദം മെച്ചമായിരുന്നു എന്നാണ്. ഞാൻ അറിഞ്ഞത് ശരിയല്ലെങ്കിൽ പിന്നിലിരിക്കുന്നവർ എന്നോടു പറയേണ്ടതാണ്. എന്റെ കണക്കുകൂട്ടലനുസരിച്ച് ആദ്യം ശബ്ദം നല്ലവണ്ണം ആയിരുന്നില്ല. പിന്നീട് നമ്മുടെ ചില പ്രവർത്തകർ അത് നന്നാക്കാൻ ശ്രമിച്ചു.

ഇപ്രകാരംതന്നെ അറബികൾക്കുള്ള തർജമയുടെ ഏർപാട്. പക്ഷേ, അത് അറബികളെ അറിയിച്ചിരുന്നില്ല. എന്നെ കണ്ട ചില അറബികളാണ് അതെന്നോടു പറഞ്ഞത്; ആദ്യദിവസം ഖുത്ബ തങ്ങൾക്ക് തടയപ്പെട്ടുവെന്ന്. വാസ്തവത്തിൽ സംഘാടകർ ഇക്കാര്യത്തിൽ പരിചയസമ്പന്നരായിരിക്കേണ്ടതാണ്. തർജമ കേൾക്കുന്നതിന് ആവർത്തിച്ചാവർത്തിച്ച് വിവിധ ഭാഷകളിൽ, ഏതെല്ലാം ഭാഷകളിലാണോ തർജമ നടക്കുന്നത് വിളംബരമുണ്ടാകേണ്ടതാണ്. ഇന്ന സ്ഥലത്തുനിന്ന് തർജമ കേൾക്കാനുള്ള എയ്ഡ്(aid) വാങ്ങാൻ പറയേണ്ടതാണ്. അതു ബോർഡിൽ എഴുതിവെക്കുകയും ചെയ്യേണ്ടതാണ്.

'ഇനി ഞാൻ അതിഥികളുടേയും പത്രങ്ങളുടേയും ചില പ്രതികരണങ്ങൾ വിവരിക്കുകയാണ്. അപ്പോഴാണ് നമ്മുടെ ശ്രദ്ധ നന്ദിപ്രകടനത്തിലേക്ക് തിരിയുന്നത്. എങ്ങനെയാണ് അല്ലാഹു ഭൂരിഭാഗം ജനങ്ങളുടേയും മനസ്സുകളിൽ സ്വയം ഇടുന്നത്. നമ്മുടെ ശ്രമം അതിനെതിരിൽ ഒന്നുമില്ലാത്തതിനു തുല്യമാണ്. സിറിയൻ അറബികളായ ചില അഹ്മദി സ്നേഹിതന്മാരുടെ പ്രതികരണങ്ങളാണ് ആദ്യം വിവരിക്കുന്നത്. ആദ്യമായിട്ടാണ് അവർക്ക് ഇത്ര വലിയ ജൽസയിൽ പങ്കെടുക്കാനും സ്വതന്ത്രമായ നിലയിൽ ആരാധന നടത്തുന്നതിനും അവസരം കിട്ടുന്നത്. കാരണം അവിടെ നിയന്ത്രണങ്ങളുണ്ട്. അവസ്ഥകൾ വഷളാകുന്നതിനുമുമ്പേയും സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. അവസ്ഥകൾ മോശമായതിനുശേഷം വർഷങ്ങളായി ഈ പാവങ്ങൾ തകർന്നിരിക്കുകയാണ്.

ഒരു അറബി സ്നേഹിതനായ അഹ്മദ് ദർവേശ് സാഹിബ് പറയുന്നു: 'ഇത് എന്റെ ആദ്യ ജൽസയായിരുന്നു. പറയുന്നു: 'ജൽസയിൽ ഞാൻ പ്രവേശിക്കുകയും ഖലീഫത്തുൽമസീഹിന്റെ സാന്നിദ്ധ്യം കാണുകയും ചെയ്തപ്പോൾ ഞാൻ ഇസ്ലാമിൽ പ്രവേശിച്ചതുപോലെ എനിക്ക് തോന്നി.' പറയുന്നു: 'എന്റെ ജീവിതത്തിൽ ഏറ്റവും വലിയ മാറ്റം വന്നിരിക്കുന്നു. അതെന്താണെന്നുവച്ചാൽ എന്റെ നമസ്കാരം ഭക്തിവിനയാദിനമ്രഭാവങ്ങളാൽ നിറഞ്ഞുകഴിഞ്ഞിരിക്കുന്നു.' അതിനാൽ ജൽസയിൽ പങ്കെടുത്ത് ഈ മാറ്റമാണ് എല്ലാ ഓരോ അഹ്മദിയിലും വരേണ്ടത്. കുറച്ചുദിവസത്തേക്കല്ല, പ്രത്യുത എന്നെന്നേക്കുമായിരിക്കണം. ഇദ്ദേഹം പറയുന്നു. ഇദ്ദേഹം കനേഡിയൻ അതിഥിയേയും കൊണ്ടുവന്നിരുന്നു. സിംപ്സൺ (Simpson)എന്നുപേരുള്ള ഇദ്ദേഹം തന്റെ ഭാര്യയുമായിട്ടാണ് വന്നിരുന്നത്. ഈ വ്യക്തി ആദ്യം ക്രിസ്ത്യാനിയായിരുന്നു. പക്ഷേ, ഇപ്പോൾ നിരീശ്വരവാദിയായിരിക്കുകയാണ്. ജൽസയിൽ പങ്കെടുത്തതിനുശേഷം അദ്ദേഹം പറഞ്ഞു: 'ഞാൻ സ്നേഹം, സാഹോദര്യം, ശാന്തി, സമാധാനം എന്നിവയെക്കുറിച്ച് ഇപ്രകാരം ആത്മാർഥവും സത്യസന്ധവുമായ നിലയിലുള്ള സംസാരം എന്റെ ജീവിതത്തിൽ ഒരിക്കലും കേട്ടിട്ടില്ല. ഇത്തരത്തിലുള്ള ഇസ്ലാമിനെക്കുറിച്ച് കേട്ട് എനിക്ക് വളരെ സന്തോഷമായി.' ഈ സന്തോഷം അദ്ദേഹത്തിന്റെ മനസ്സ് തുറക്കുന്നതിനുള്ള മാർഗമാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

ഇതുപോലെതന്നെ ഒരു സിറിയൻ അഹ്മദി അൽ ഹാജ് അബ്ദുല്ലാഹ് സാഹിബ് പറയുന്നു: 'ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്തതായിരുന്നു ജൽസസാലാനയുടെ മൂന്നു ദിവസം. ലോകത്തെ ഏറ്റവും ഉന്നതമായ ജമാഅത്തിന്റെ ആയിരക്കണക്കിന്നാളുകൾ ഇക്കാലത്ത് എറ്റവും നല്ല ഒരുക്കത്തോടുകൂടി കാനഡയിൽ സംഘടിച്ചിരിക്കുന്നു.' പിന്നീടു പറയുന്നു: 'ജൽസയുടെ സജ്ജീകരണങ്ങളും, വരവേല്ക്കലും അവശ്യവസ്തുക്കളുടെയെല്ലാം ലഭ്യതയും എത്രത്തോളമെന്നാൽ കുട്ടികൾക്കു ഓടിച്ചാടി കളിക്കാനുള്ള സംവിധാനങ്ങൾവരെ മുന്നിൽവച്ചുകൊണ്ട് വിവിധ ഏർപാടുകൾ ചെയ്യുക എന്നത് അസാധാരണമായിരുന്നു. ജൽസയുടെ അന്തരീക്ഷം സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും വികാരങ്ങളാൽ നിർഭരമായിരുന്നു. ആയിരക്കണക്കിന് ആളുകളെ ക്ഷണിക്കുക, ഭക്ഷണം ഉൾപ്പെടെയുള്ള അവരുടെ ആവശ്യങ്ങൾക്കുള്ള ഏർപാടു ചെയ്യുക എന്നതുതന്നെയും ഒരു അസാധാരണമായ കാര്യമാണ്.' പിന്നീട് ഇദ്ദേഹം പറയുന്നു: 'പ്രഭാഷണങ്ങളും അതിനോടൊപ്പുള്ള തർജമയും വളരെ നന്നായിരുന്നു.' പറയുന്നു:'ഞാനൊരു പത്രപ്രതിനിധികളുടെ ടീമിനേയും ഒരു മുസ്ലിം കുടുംബത്തേയും ക്ഷണിച്ചിരുന്നു. അവരെല്ലാവരും ജൽസയുടെ മനോഹരമായ ഏർപാടുകൾ കണ്ട് അത്ഭുതപ്പെട്ടുപോയി.' അവർക്ക് പ്രത്യേകമായ നിലയിൽ എന്റെ സമാപന ദിവസത്തെ പ്രസംഗം വളരെ ഇഷ്ടപ്പെട്ടു. അഹ്മദി കൾക്ക് തങ്ങളുടെ ഇമാമിനോടുള്ള സ്നേഹം ആ അതിഥികൾക്ക് അത്ഭുതമുളവാക്കുന്ന കാര്യമായിരുന്നു.

ഇപ്രകാരംതന്നെ അബ്ദുൽഖാദിർ സാഹിബ് പറയുന്നു:'ജൽസയ്ക്ക് എത്ര വലിയ ജോലികളാണുള്ളതെന്ന് ഞാൻ ആദ്യമായിട്ടാണ് കണ്ടത്. എല്ലാ പ്രവർത്തകരും അവരവരുടെ വകുപ്പുകളിൽ തേനീച്ചയെപ്പോലെ ഒരു ബഹളവും പ്രയാസവും കൂടാതെ ജോലി ചെയ്തുകൊണ്ടിരിക്കുന്നു. തനിക്ക് സേവനത്തിന് അവസരം തന്നിരുന്നെങ്കിലെന്ന് എല്ലാ ഓരോരുത്തരും ആഗ്രഹിക്കുന്നുണ്ടായിരുന്നു. പ്രത്യേകിച്ചും ഞാൻ അറബിയാണെന്ന് അവരറിഞ്ഞപ്പോൾ അസാധാരണമായ ഏർപാടോടുകൂടിയാണ് എന്നോടു പെരുമാറിയിരുന്നത്.'

റൈം മുസ്തഫാ സാഹിബ വിവരിക്കുന്നു:'ഇത്ര വലിയ ജൽസയായിരുന്നിട്ടും വളരെയധികം ക്രമീകരണത്തോടും വ്യവസ്ഥാപിതമായുമാണ് നടന്നത്. എനിക്ക് ഏറ്റവും കൂടുതൽ അനുഭവപ്പെട്ടത് ജനങ്ങളുടെ മുഖത്ത് കാണാൻ കഴിഞ്ഞ ആത്മീയതയായിരുന്നു. ഈ ആത്മീയത എന്നെന്നും നിലനിന്നു കാണാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ഈ ജൽസ വിജയകരമായി സംഘടിപ്പിക്കുന്നതിലും പ്രസംഗങ്ങൾ തർജമ ചെയ്യുന്നതിലും മറ്റു ജോലികളിലും ഭാഗഭാക്കായ എല്ലാവർക്കും ഞങ്ങൾ നന്ദി പറഞ്ഞുകൊള്ളുന്നു. അല്ലാഹുവിന്റെ കൃപയാൽ ഞങ്ങളുടെ ആത്മീയതയിൽ ഒരുപാട് വർധന ഉണ്ടായിട്ടുണ്ട്.

സൽമാ ജബൂലി സാഹിബ പറയുന്നു:'ജൽസയിലെ അച്ചടക്കവും ഒതുക്കവും ഏർപാടും കണ്ട് പറയാൻ കഴിയും ജമാഅത്ത് ഒരു ശരീരം പോലെ

## ഇർശാദുന്നബ്‌വി(സ)

"സമ്പത്ത് ആഗ്രഹിക്കുകയും ദാരിദ്ര്യം ഭയപ്പെടുകയും ചെയ്യുന്ന ലുബ്ധനും ആരോഗ്യവാനുമായിരിക്കെ ചെയ്യുന്ന ദാനമാണ് പ്രതിഫലമുള്ള ധർമം."

(മുത്തഫിഖുൻ അലയ്ഹി)

**ത്വാലിബെ ദുആ:**

**എം.എ.മുഹമ്മദ് കോഴിക്കോട്**

## ഇർശാദുന്നബ്‌വി(സ)

"നിശ്ചയം. ഇഹലോകം മാധുര്യവും അലങ്കാരപ്രദവുമാണ്. അതിൽ അല്ലാഹു നിങ്ങളെ പ്രതിനിധികളായി നിശ്ചയിച്ചിരിക്കുന്നു. നിങ്ങളെന്തു ചെയ്യുന്നുവെന്ന് അവൻ നിങ്ങളെ വീക്ഷിക്കുന്നുണ്ട്." (മുസ്ലിം)

**ത്വാലിബെ ദുആ:**

**അബ്ദുസ്സമദ് , പഴയങ്ങാടി**

## ഇർശാദുന്നബ്‌വി(സ)

"ദാനധർമം ഒരിക്കലും താമസിപ്പിക്കരുത്. എന്തുകൊണ്ടെന്നാൽ ആത്മാവ് തൊണ്ടക്കുഴിയിൽ എത്തുമ്പോൾ 'അത് ഇവന് ഇത് അവന്' എന്ന് നീ പറയേണ്ടിവരും. അതാകട്ടെ അവർക്കുള്ളതാണുതാനും." (മുത്തഫിഖുൻ അലയ്ഹി))

**ത്വാലിബെ ദുആ:**

**കെ.മുഹമ്മദ് സ്വാലിഹ്, കണ്ണൂർസിറ്റി.**

ഏകോപിച്ചതും പരസ്പരമുള്ള സഹകരണത്താൽ സഫലവുമാണെന്ന്. ഞങ്ങളെ ജൽസയിൽ കൊണ്ടുവന്നതിനും വീട്ടിൽ തിരിച്ചെത്തിക്കുന്നതിനും നല്ല രീതിയിൽ ഏർപാടു ചെയ്തുതന്ന ട്രാൻസ്പോർട്ട് വകുപ്പിന് ഞങ്ങൾ നന്ദി പറയുന്നു. ജൽസയിൽ വിവിധ രാജ്യങ്ങളിലെ വിവിധ ജനവിഭാഗങ്ങളും വിവിധ വർണങ്ങളിലുള്ള ആളുകളും ചേർന്ന് വെറും ഒരു ലക്ഷ്യത്തിനുവേണ്ടി പണിയെടുക്കുകയായിരുന്നു. ഇസ്ലാമിന്റേയും ശാന്തിയുടേയും സന്ദേശം ലോകത്തിന് എത്തിച്ചുകൊടുക്കുക എന്നതാണത്.

ഹുസയ്ൻ ആബിദീൻ സാഹിബ് വിവരിക്കുന്നു: 'ജൽസ സാലാനയിലൂടെ കടന്നുപോയ നിമിഷങ്ങൾ എന്റെ ജീവിതത്തിലെ ഏറ്റവും മനോഹരമായ നിമിഷങ്ങളാണ്. ഞാൻ ടി.വി യിൽ വിവിധ ജൽസ സാലാനകൾ കാണാറുണ്ടായിരുന്നു. അല്ലാഹുവേ എനിക്കും എപ്പോഴെങ്കിലും കാലത്തിന്റെ ഖലീഫയോടൊപ്പം ജൽസസാലാനയിൽ പങ്കെടുക്കാൻ തൗഫീഖ് തരേണമേ എന്ന് ദുആ ചെയ്യാറുണ്ടായിരുന്നു. പക്ഷേ, എന്റെ പ്രാർഥന ഇത്രപെട്ടെന്ന് സ്വീകരിക്കപ്പെടുമെന്നും ഞാൻ ചോദിച്ചതിനെക്കാൾ കൂടുതൽ എനിക്കു പ്രദാനം ചെയ്യുമെന്നും എനിക്ക് ചിന്തിക്കാനെ കഴിയുമായിരുന്നില്ല. ഞാൻ ജൽസസാലായുടെ സ്റ്റേജിനുമുമ്പിൽ ഇരിക്കുകയായിരുന്നു. ആ അവസരത്തിൽ സിറിയയിലും തുർക്കിയിലും ഞാൻ അനുഭവിച്ച വേദനാജനകമായ പീഢനനാളുകളുടെ നിമിഷങ്ങളുടെ അവസ്ഥ എന്റെ കൺമുമ്പിൽ വന്നുകൊണ്ടിരുന്നു. ആ സമയത്ത് എന്റെ മനസ്സ് അല്ലാഹുവിന്റെ സ്തുതികൊണ്ട് നിറഞ്ഞു. ഞാൻ പറഞ്ഞു:'ഒന്ന് ആ പീഢനങ്ങളുടെ ദിനമായിരുന്നെങ്കിൽ ഒന്ന് കാലത്തിന്റെ ഖലീഫയുടെ മുന്നിലിരിക്കുന്ന ഇന്നത്തെ ദിവസമാണ്. ഇത് അല്ലാഹുവിന്റെ മാത്രം കൃപയാണ്.

ഒരു സിറിയൻ സ്നേഹിതനാണ് ഫിറാസ് സാഹിബ്. പറയുന്നു: 'ഞാൻ ആദ്യമായിട്ടാണ് ജമാഅത്തിന്റെ ഏതെങ്കിലും ജൽസയിൽ പങ്കെടുക്കുന്നത്. ഇത്രമാത്രം ജനങ്ങളെ കണ്ടിട്ട് എന്നിൽ ദഹിശത്(ഭയം)ഉണ്ടായി.'(തർജമ ചെയ്തയാൾ ദഹിശത് എന്ന പദം എഴുതിയതാവാം. അല്ലെങ്കിൽ അദ്ദേഹം അങ്ങനെതന്നെ പറഞ്ഞതുമാകാം. ഞാൻ വിചാരിക്കുന്നത് അദ്ദേഹം യഥാർഥത്തിൽ മുഹബ്ബത്ത് എന്ന വാക്ക് ഉപയോഗിച്ചുവെന്നാണ്) പറയുന്നു: 'ഇവർ കാനഡയിൽനിന്നു മാത്രമല്ല മറിച്ച് വിവിധ പ്രദേശങ്ങളിൽനിന്ന് വന്നിരുന്നവരാണ്. ഇവർ ഒരു ജനതയുമായി ബന്ധമുള്ളവരായിരുന്നില്ല. മറിച്ച് വിവിധ വർണക്കാരും ജനതകളുമായിട്ടായിരുന്നു ഇവരുടെ ബന്ധം. ഇപ്രകാരംതന്നെ ജൽസയിൽ ആധുനിക ടെക്നോളജിയുടെ ഉപയോഗവും അതിന്റെ ഉന്നതമായ ഏർപാടുകളും സന്നിഹിതരായിട്ടുള്ളവർക്ക് വിവിധ കാര്യങ്ങളിൽ സംഘാടകരുടെനിർദേശങ്ങളും അനുസരണത്തിന്റെ പ്രകടനം എല്ലാം ഈമാൻ ദൃഢീകരിക്കുന്നതായിരുന്നു. എനിക്ക് ഏറ്റവുമധികം സന്തോഷത്തിന് കാരണമായത് ഖലീഫത്തുൽമസീഹിന്റെ സാന്നിദ്ധ്യവും അദ്ദേഹത്തിന്റെ പ്രഭാഷണവുമായിരുന്നു. അവയിൽനിന്ന് ഞാൻ മൂന്നു ദിവസവും ഫലമെടുത്തു.

ഞാൻ വിവരിച്ചത് സിറിയയിൽനിന്ന് അവിടെത്തെ അവസ്ഥകൾ കാരണത്താൽ ഹിജ്റത്ത് ചെയ്ത് ഇവിടെ വന്ന പുതിയതും പഴയതുമായ കുറച്ച് അഹ്മദികളുടെ പ്രതികരണങ്ങളായിരുന്നു.

അന്യരുടേയും ചില പ്രതികരണങ്ങളുണ്ട്. അതും ഞാൻ വിവരിക്കുകയാണ്. ജമാഅത്തിനെ പരിചയപ്പെടുത്താനും പ്രബോധനത്തിനുമുള്ള വഴികൾ ഈ മാർഗങ്ങൾ മുഖേന തുറക്കുന്നു.

ജർമൻ കൗൺസിലേറ്റ് ഇവിടെ വന്നിരുന്നു. അദ്ദേഹം എന്നെ കണ്ടു. അദ്ദേഹം പറഞ്ഞു: 'ഞാൻ നാലാഴ്ചമുമ്പേ ഇവിടെ വന്നതാണ്. ജമാഅത്തുമായി കൂടുതൽ പരിചയമില്ല.' വിവിധ രാജ്യങ്ങളിൽ ഇദ്ദേഹം താമസിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹം പറയുന്നു:'ഞാൻ ഇന്നുവരെ ഇസ്ലാമികാധ്യാപനങ്ങളെ കുറിച്ച് എല്ലാം അടങ്ങിയ ഇങ്ങനെയുള്ള പ്രസംഗം ഇന്നുവരെ കേട്ടിട്ടില്ല.' (അദ്ദേഹം എന്റെ സമാപന പ്രസംഗം കേട്ടിരുന്നു). പറഞ്ഞു:അങ്ങയുടേത് വളരെ പോസിറ്റീവായിട്ടുള്ള ദീർഘവീക്ഷണ(Vision)മാണെന്ന് ഞാൻ കണ്ടു. പിന്നീട് എന്നെ സംബന്ധിച്ച് പറയുന്നു: 'യഥാർഥ ഇസ്ലാമിനെയാണ് വിവരിച്ചത്. അത് ശാന്തിയുടേയും നീതിയുടേയും സ്നേഹത്തിന്റേയും അധ്യാപനമായിരുന്നു. ഓരോ വാക്കിലും ഒരു യാഥാർഥ്യം കാണാൻ കഴിയുന്നുണ്ടായിരുന്നു. അഹോ കഷ്ടം! ലോകത്തെ മാധ്യമങ്ങൾ എത്രകണ്ട് സമയം ഇറാഖിലെ ബാഗ്ദാദികൾക്കും ഐ എസ്സ് ഐസ്സിനും (ISIS)നല്കുന്ന പ്രചാരണം ഈ സമാധാനത്തിന്റെ ഈ അമ്പാസിഡർക്കു നല്കിയിരുന്നെങ്കിൽ ലോകത്ത് യഥാർഥ സമാധാനം സ്ഥാപിതമാകുമായിരുന്നു.' വീണ്ടും പറയുന്നു:'അദ്ദേഹത്തിന്റെ ഓരോ വാക്യവും സത്യസന്ധതയിലധിഷ്ഠിതമായിരുന്നു. ലോകത്ത് സമാധാനസ്ഥാപനത്തിനുള്ള ഒരു വേദനയായിരുന്നു.' പറയുന്നു:'എന്നെക്കൊണ്ട് കഴിയുന്നിടത്തോളം ഞാനും ഈ സന്ദേശം പ്രചരിപ്പിക്കുന്നതാണ്.' അന്യരും ഇപ്രകാരം അല്ലാഹുവിന്റെ കൃപയാൽ നമ്മുടെ അമ്പാസിഡർമാരായിത്തീരുന്നു..

ഇവിടെത്തെ ആളുകൾക്ക് സുപരിചിതയായ പാർലമെന്റംഗം ജൂഡി (Judi)സാഹിബ പറയുന്നു: 'നിങ്ങളുടെ ഖലീഫ അവസ്ഥകൾക്കനുസരിച്ച് നിങ്ങളെ ഒരു ജോലി ഏല്പിച്ചിരിക്കുന്നു. അത് 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന സന്ദേശം നിങ്ങൾ മുഴുലോകത്തും പ്രചരിപ്പിക്കുക എന്നതാണ്. ഇതിനെക്കാളുപരി മുസ്ലീംകളും അമുസ്ലീംകളും തങ്ങളുടെ ബന്ധങ്ങൾ സ്നേഹത്തോടുകൂടി ശക്തിപ്പെടുത്തുക എന്നതാണ്. എല്ലാവരും നീതിയോടും ന്യായത്തോടുംകൂടി പ്രവർത്തിക്കുക. കാരണം അങ്ങനെയാകുന്നില്ലെങ്കിൽ മൂന്നാം ലോകമഹായുദ്ധമുണ്ടാകും. ഇക്കാര്യം വളരെ വ്യക്തമായും കാണുന്നുണ്ട്. പൊതുജനങ്ങളും രാഷ്ട്രീയക്കാരും ഇരുകൂട്ടരും ചേർന്ന് പ്രവർത്തിക്കേണ്ടിവരും. ഇതു മുഖേന ലോകത്ത് ശാന്തിയും സമാധാനവും സ്ഥാപിതമാകും.' പറയുന്നു: 'ഭീകരവാദ സംഘടനകളുടെ പ്രവർത്തനങ്ങളുമായി ഇസ്ലാമിന് ഒരു ബന്ധവുമില്ലെന്ന് ജനങ്ങൾ തിരിച്ചറിയുന്നതിനുവേണ്ടി നമ്മളിൽ ഓരോരുത്തരും മുസ്ലീംകൾക്കും അമുസ്ലീംകൾക്കും ഈ സന്ദേശം എത്തിച്ചുകൊടുക്കേണ്ടതാണ്. ഈ ഭീകരവാദികൾത്തന്നെയാണ് തങ്ങളുടെ നേട്ടത്തിനായി മറ്റുള്ളവർക്ക് ദുഷ്പേരുണ്ടാക്കിക്കൊണ്ടിരിക്കുന്നത്.

ചർച്ച് സെവൻത് ഡേ എവാൻഞ്ചലിസ്റ്റുമായി (Seventh-Day Evangelist)ബന്ധമുള്ള ഒരു അതിഥി വന്നിരുന്നു. അദ്ദേഹം പറയുന്നു: 'ഖലീഫത്തുൽമസീഹ് തന്റെ പ്രഭാഷണത്തിൽ ശാന്തിയേയും സമാധാനത്തേയും കുറിച്ച് പറഞ്ഞതുകേട്ട് ഇന്ന് എന്റെ മനസ്സ് വളരെ സന്തോഷിക്കുന്നു. ജനങ്ങൾ അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് അറിയേണ്ട ആവശ്യമാണ് ഇപ്പോഴുള്ളത്. അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തനം ജനങ്ങൾ അറിയേണ്ട ആവശ്യമാണുള്ളത്. ആളുകൾക്ക് മാധ്യമങ്ങൾ പറഞ്ഞുകൊടുക്കുന്നതല്ല മുസ്ലിം. ഇസ്ലാമിന്റെ യഥാർഥ അധ്യാപനം സമാധാന നിർഭരമാണ്.'

ബെലീസിൽ(Belize)നിന്ന് അവിടെത്തെ ഒരു മേയർ വന്നിരുന്നു. അദ്ദേഹം യൂ.കെ യിലും വന്നിരുന്നു. എന്നോടു പറയുന്നു: 'അങ്ങയുടെ അന്താരാഷ്ട്ര കാര്യങ്ങളിൽ വെളിച്ചം വീശിക്കൊണ്ടുള്ള പ്രഭാഷണം എന്നെ അഗാധമായി ആകർഷിച്ചിരിക്കുന്നു. ഇതിൽനിന്ന് ഖലീഫ അഹ്മദികൾക്കു മാത്രമല്ല സന്മാർഗത്തിനു നിമിത്തമെന്നും മറിച്ച് മുഴുലോകത്തിനും സന്മാർഗത്തിന് മാർഗമാകാവുന്നതാണെന്നും എനിക്കു മനസ്സിലായി. ഖലീഫത്തുൽമസീഹ് എന്തൊരു കാര്യമാണോ തന്റെ പ്രസംഗത്തിൽ പറഞ്ഞത് എനിക്കൊരിക്കലും അത് മറക്കാൻ കഴിയുകയില്ല.'

ഒരു അതിഥി ഇവിടെത്തെ മേയറാണ്. അദ്ദേഹം ജമാഅത്തിന് ഈ സന്ദേശം നല്കുന്നു: നമുക്ക് ഈ സന്ദേശം പ്രത്യേക അവസരമാണ്. നമുക്ക് നമ്മുടെ ആത്മീയതയിൽ അഭിവൃദ്ധിപ്പെടേണ്ടതാണ്. എല്ലാ മനുഷ്യരോടും നല്ല നിലയിൽ പെരുമാറുക. ഈ സന്ദേശം നമുക്കു കിട്ടിയിരിക്കുന്നു. മതം എന്തും ആയിക്കൊള്ളട്ടെ. ലോകത്ത് സമാധാനം സ്ഥാപിക്കുകയെന്ന് നിങ്ങളുടെ ഖലീഫ പഠിപ്പിച്ചു. നമ്മുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുകയെന്നതും നമ്മുടെ പങ്കുവഹിക്കുകയെന്നതും നമ്മളെല്ലാവരുടേയും നിർബന്ധ കടമയാണ്.

ബ്രംടണിൽ(Brampton)നിന്നു വന്ന ഒരു അതിഥി പറയുന്നു:'സമാധാനം സ്ഥാപിക്കുക എന്ന ഓരേയൊരു സന്ദേശമാണ് ജൽസയിൽനിന്ന് എനിക്കു കിട്ടിയത്.'

ഒരു അതിഥി എന്റെ സമാപന പ്രഭാഷണമാണ് കേട്ടത്. പറയുന്നു: 'അത്ഭുതകരമായിരുന്നു. എന്റെ വികാരം പ്രകടിപ്പിക്കാൻ എന്റെ പക്കൽ വാക്കുകളില്ല.'

പാർലമെന്റിലെ ഒരു വനിത അംഗം യാസ്മീൻ അതൻസി സാഹിബ പറയുന്നു: 'ഖലീഫയുടെ വനിതകളോടുള്ള പ്രഭാഷണം വളരെ നന്നായി. പ്രത്യേകിച്ചും, ഒരു മാതാവ് മുഴുവൻ കുടുംബത്തിന്റേയും അടിത്തറയാണെന്നും മുഴുവൻ സമൂഹത്തേയും ശക്തിപ്പെടുത്തുന്നുവെന്നും പറഞ്ഞ കാര്യം.'

ഒരു സ്ത്രീ മേരീലീൻ സാഹിബ പറയുന്നു: "ഇതെന്റെ ഒമ്പതാമത് ജൽസാസാലാനയാണ്. നിങ്ങളുടെ ഖലീഫയുടെ പ്രസംഗം കേൾക്കുന്നതിന് ഞാൻ അസ്വസ്ഥയായിരുന്നു. ഒരുപാട് കാത്തിരിക്കുകയായിരുന്നു.' വീണ്ടും പറയുന്നു: 'ഇവിടെ ഞാൻ ഓരോരുത്തരേയും മര്യാദയോടുകൂടി പെരുമാറുന്നവരായി കണ്ടു. ഈ ജൽസുടെ പ്രാധാന്യത്തെകുറിച്ചും എല്ലാവർക്കും ബോധമുണ്ടായിരുന്നു. സെക്യൂരിറ്റിയുടെ ഏർപാടും വളരെ ഉന്നതമായിരുന്നു. സൗണ്ട് സിസ്റ്റവും വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ടായിരുന്നു. വീഡിയോ മോണിറ്ററും ഉന്നത കിടയിലുള്ളതായിരുന്നു. തർജമയ്ക്ക് ഹെഡ് സെറ്റിന്റെ ഉപയോഗം കണ്ട് എനിക്ക് സന്തോഷമായി. കാരണം ഇതു കൂടാതെ നമ്മുടെ ജൽസയിൽ വരുന്നതിന്റെ ഉദ്ദേശ്യം പൂർത്തിയാകുമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ സംസാരം എനിക്ക് കേൾക്കാൻ പറ്റുമായിരുന്നില്ല.' പറയുന്നു:'എപ്പോഴുമെന്നപോലെ നിങ്ങൾ മുസ്ലീംകളോടു മര്യാദയോടുകൂടി പെരുമാറുന്നു. ആദരവോടെ പെരുമാറുന്നു. ഞങ്ങളെല്ലാവരും അതിന് അർഹരല്ലെങ്കിലും! ഞങ്ങൾ അതിന് നിങ്ങളോടു നന്ദിയുള്ളവരാണ്. ആയിരക്കണക്കിന് അഹ്മദികളെ ശാന്തിയിലും സ്നേഹത്തിലും മഹോത്സരായി കണ്ട് വളരെ ആകർഷിതയായി. ഈ ദൃശ്യം യൂറോപ്പിലും അറേബ്യായിലും നടക്കുന്ന നിഷേധാത്മക നിലപാടിന്(negativity)വിരുദ്ധമായിരുന്നു. ജൽസയിൽ സന്നിഹിതരായവരുടെ ഐക്യം കണ്ട് എനിക്ക് മനഃശ്ശാന്തി അനുഭവപ്പെട്ടു.

ജൽസസാലാനയിൽ ഏതു അതിഥി പങ്കെടുത്താലും അല്ലാഹുവിന്റെ കൃപയാൽ നല്ല സ്വാധീനവും കൊണ്ടാണ് പോകുന്നത്. വിദേശ രാജ്യങ്ങളിൽനിന്നും കുറച്ചു അതിഥികൾ വന്നിരുന്നു. ചിലരുടേത് ഞാൻ പറഞ്ഞു. വളരെ നല്ല സ്വാധീനവും കൊണ്ട് അവർ പോയി. പ്രത്യേകിച്ചും ഇവിടെ സെൻട്രൽ അമേരിക്കയിൽനിന്നും സൗത്ത് അമേരിക്കയിൽനിന്നും നമ്മുടെ ജൽസകളിൽ പങ്കെടുക്കാൻ ആളുകൾ വരുന്നു. ജൽസയുടെ അന്തരീക്ഷം കാണുമ്പോൾ ഇസ്ലാമിനെക്കുറിച്ചുള്ള അവരുടെ തെറ്റായ സങ്കല്പങ്ങൾ അകന്നുപോകുന്നു. ഈ രാജ്യങ്ങളിൽ നമ്മുടെ മിഷൻ ഇപ്പോൾ പുതിയതായി തുടങ്ങിയിട്ടേയുള്ളു. ഇപ്പോൾ കുറച്ചു അഹ്മദികളാണ് അവിടെയുള്ളത്. അവർ കുറച്ചു വർഷം മുമ്പേ, ഒന്നുരണ്ടുമൂന്നു വർഷം മുമ്പേ ബയ്അത്തു ചെയ്തവരാണ്. അങ്ങനെ ജമാഅത്തുകളുണ്ടായി. ചില പ്രയാസങ്ങളും ബുദ്ധിമുട്ടുകളും മുന്നിൽ വരുന്നുണ്ട്. ചില ഉന്നത ഓഫീസർമാർ ജൽസയിൽ പങ്കെടുക്കുകയും യാഥാർഥ്യം കാണുകയും ചെയ്യുന്ന കാരണത്താൽ നമുക്ക് പിന്നീട് അവിടെ പ്രവർത്തിക്കാൻ എഴുപ്പമുണ്ടാകുന്നു. അവരുടെ സഹായം നമുക്കുണ്ടാകുന്നു. ഈ രാജ്യങ്ങളിൽനിന്ന് കൂടുതലാളുകൾ യു.കെ ജൽസയിലും വരാറുണ്ട്. പക്ഷേ, കുറച്ചാളുകൾ ഇവിടേയും വന്നിട്ടുണ്ട്. അതിനാൽ ജൽസ ഇതിന്റെ അടിസ്ഥാനത്തിലും തബ്ലീഗിനുള്ള വഴികൾ തുറക്കുന്നു. എന്തായാലും ജൽസസാലാന സ്വന്തം ആളുകൾക്ക് ക്ഷേമത്തിനുള്ള സാഹചര്യം ഒരുക്കുന്നതോടൊപ്പം അന്യർക്കും ജമാഅത്തിനെ പരിചയപ്പെടാനും ബന്ധപ്പെടാനുമുള്ള മാർഗവുമായിത്തീരുന്നു.

ഇസ്ലാമിന്റെ യഥാർഥ ചിത്രം ലോകത്തിന് അറിയാൻ കഴിയുന്നു. കഴിഞ്ഞ കുറച്ചുകാലമായി മുമ്പിൽ വന്നുകൊണ്ടിരിക്കുന്ന മുസ്ലിം രാജ്യങ്ങളുടെ അവസ്ഥകളും അക്കാരണത്താലുണ്ടായ

ലോകത്തിന്റെ അവസ്ഥകളും, മാധ്യമങ്ങളുടെ ദൃഷ്ടി അഹ്മദിയ്യാ ജമാഅത്തിലേക്ക് തിരിച്ചിരിക്കുന്നു. ഈ ഭാഗത്തേക്ക് അവരുടെ ശ്രദ്ധകൊണ്ടുവന്നത് അല്ലാഹുവിന്റെ കൃപാകടാക്ഷമാണ്. കാരണം ക്ഷണിച്ചാലും ആദ്യമൊക്കെ ഇവർ വരുമായിരുന്നില്ല. പക്ഷേ, അതിനുശേഷം നമ്മുടെ യുവാക്കളും ഇതിന് വലിയ പങ്കാണ് വഹിച്ചത്. അവർ മാധ്യമങ്ങളുമായി ബന്ധങ്ങളുണ്ടാക്കി. ഈ ബന്ധങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിശാലമായ രീതിയിലാണ് ഉണ്ടാക്കിയത്. കാനഡയിലെ മീഡിയാ ടീമും -അതിലധികവും യുവാക്കളാണ്- കഠിനാധ്വാനത്തോടെ പ്രസ്സും മീഡിയയുമായി ബന്ധം വെക്കുന്നതിൽ വർധനയുണ്ടാക്കി. ഇവിടെ കാനഡയിലും നമ്മുടെ യുവാക്കൾ ഇത്രത്തോളം അതിൽ പങ്കുവഹിച്ചുകൊണ്ടിരിക്കുന്നുവെന്ന് എനിക്ക് കണക്കുകൂട്ടലില്ലായിരുന്നു. ഇവിടെ വന്ന് കണ്ടപ്പോഴാണ് എനിക്ക് അത് അറിയാൻ കഴിഞ്ഞത്. അല്ലാഹുവിന്റെ കൃപയാൽ മാശാഅല്ലാഹ് യുവാക്കൾ കഠിനാധ്വാനത്തോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഭൂരിഭാഗമാളുകളേയും ഞാൻ ഇവിടെ ജോലി ചെയ്യുന്നവരായി കണ്ടു. പ്രസ് മുഖേന നമ്മുടെ യുവാക്കൾ ചെയ്തുകൊണ്ടിരിക്കുന്ന ഇതും ഒരു തബ്ലീഗാണ്. ഇവരിൽ വളരെ ആവേശമുണ്ട്. ചില വലിയ വലിയ പത്രങ്ങളുമായും ചാനലുകളുമായും ബന്ധപ്പെട്ടുകൊണ്ടിരുന്നു. ചില ചാനലുകൾ വളരെ നല്ല റെസ്പോൺസാണ് നല്കിക്കൊണ്ടിരുന്നത്. തങ്ങൾക്ക് മതങ്ങളോടു ഒരു താൽപര്യവുമില്ലെന്നും അതുകൊണ്ട് നിങ്ങളുടെ വാർത്ത കൊടുക്കാൻ സാധ്യമല്ലെന്നും നിങ്ങളുടെ ഖലീഫ വന്നിട്ടുണ്ടെങ്കിൽ ഞങ്ങൾക്ക് അദ്ദേഹവുമായി ഒരു ബന്ധവുമില്ലെന്നും കവറേജിനു വരാൻ പറ്റില്ലെന്നും ചിലർ പറഞ്ഞിരുന്നു. ചില യുവാക്കൾ ഇക്കാരണത്താൽ അസ്വസ്ഥരുമായി. പക്ഷേ, അല്ലാഹുവും അവരെ ശക്തിപ്പെടുത്തുന്നതിന് ദൃശ്യങ്ങളും കാണിച്ചുകൊടുക്കുന്നു. സാഹചര്യമൊരുക്കിക്കൊടുക്കുന്നു. ഉദാഹരണത്തിന് ഒരു പത്രമോ അതോ ചാനലോ ആയിട്ട് അവർ ബന്ധപ്പെട്ടു. അവർ താൽപര്യമില്ല എന്നു പറഞ്ഞു. ഒരു സിറിയനും പറയുകയുണ്ടായി താൻ പത്രപ്രവർത്തകനേയും കൂട്ടിയാണ് വന്നതെന്ന്. ഇത് അതേ പത്രപ്രതിനിധികളുടെ ടീമാണെന്നാണ് തോന്നുന്നത്. അഹ്മദിയ്യത്തിന്റെ ശരിയായ സന്ദേശം, ഇസ്‌ലാമിന്റെ ശരിയായ സന്ദേശം ജനങ്ങളിൽ എത്തുന്നതിന് ഈ ചാനലുകാർ നിർബന്ധമായും തങ്ങളുടെ പ്രതിനിധികളേയും കൂട്ടി വരണമെന്ന് നമ്മുടെ യുവാക്കൾ ആഗ്രഹിച്ചിരുന്നു. ഞാൻ പറഞ്ഞതുപോലെ അല്ലാഹു തന്റെ പണിയെടുക്കുന്നു. ഈ ചാനലുകാർ സിറിയൻ അഭയാർഥികളെക്കുറിച്ച് എന്തോ ഡോക്യുമെന്ററി ഉണ്ടാക്കിയിരുന്നു. അവർ അതിനുവേണ്ടി സിറിയൻ അഭയാർഥികളെ തേടി ഇറങ്ങിയപ്പോൾ യാദൃച്ഛികമായി എന്നല്ല അല്ലാഹു ഇത് ആഗ്രഹിച്ചിരുന്നുവെന്നും വിധി തന്നെ ഇതായിരുന്നുവെന്നും പറയണം അവരുടെ ബന്ധം ഏതൊരു സിറിയനുമായിട്ടാണോ ഉണ്ടായത് അദ്ദേഹം അഹ്മദിയായിരുന്നു. ഞങ്ങളുടെ സമ്മേളനം നടക്കുന്നുണ്ടെന്നും നിങ്ങൾ അവിടെ വരിക എന്നും അവിടെ വന്നാൽ എല്ലാം അറിയാൻ കഴിയുമെന്നും അവിടെവച്ച് ഞങ്ങൾ സംസാരിക്കാമെന്നും അദ്ദേഹം അവരോടു പറഞ്ഞു. ഇപ്രകാരം ആദ്യം നിഷേധിച്ച മീഡിയക്കും അവിടെ വരേണ്ടി വന്നു. അല്ലാഹുവും വിശാലമായ നിലയിൽ ഏതെങ്കിലുമൊക്കെ മാർഗത്തിലൂടെ ജമാഅത്തിനെ പരിചയപ്പെടുത്തിക്കൊണ്ടിരിക്കുന്നു. മാധ്യമങ്ങൾക്കുള്ള പങ്കു മുഖേന ലോകത്ത് വിശാലമായ നിലയിൽ അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ചുള്ള പരിചയപ്പെടുത്തൽ നടന്നുകൊണ്ടിരിക്കുന്നു. ഇതിനുവേണ്ടി വളന്റിയറായിട്ടുള്ള അഹ്മദികളോടു ഞാൻ പറയട്ടെ, കൂടുതൽ അധ്വാനത്തോടും വിനയത്തോടുംകൂടി ഈ ജോലി വർധിപ്പിച്ചുകൊണ്ടു മുന്നേറുക.അല്ലാഹുവിന്റെ കൃപയാണ് യഥാർഥമെന്ന് എപ്പോഴും ഓർക്കുക. അതെപ്പോഴും കൂടെയുണ്ടാകും. ആ കൃപയാണ് എപ്പോഴും അന്വേഷിച്ചുകൊണ്ടിരിക്കേണ്ടത്.

പത്രങ്ങളുടേയും, റേഡിയോ നിലയങ്ങളുടേയും ടി.വി ചാനലുകളുടേയും കുറച്ചു പ്രതിനിധികൾ ജൽസയുടെ ആദ്യ ദിവസം, ജുമുഅ ദിവസം വന്നിരുന്നു. ഒരു ചെറിയ പത്രസമ്മേളനമായിരുന്നു. അല്ലെങ്കിൽ അവർ ഇന്റർവ്യൂ നടത്തി. അതിനും നല്ല കവറേജുണ്ടായി. ജമാഅത്തിനെ കുറിച്ച് ആളുകൾക്ക് അറിയാൻ കഴിഞ്ഞു. ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം പറയപ്പെട്ടു. അവർക്ക് ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശമെത്തിച്ചു. എങ്ങനെയാണെങ്കിലും ഇസ്‌ലാമിന്റെ യാഥാർഥ്യം അവരറിയുന്നതിന് വർത്തമാന കാല അവസ്ഥകൾ അല്ലെങ്കിൽ ഏതുകാര്യമാണെങ്കിലും നബി(സ)തിരുമേനിയുടെ പ്രവചനങ്ങളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനവും തമ്മിൽ ബന്ധിപ്പിച്ച് പറയുന്നതിനാണ് ഞാൻ ശ്രമിക്കാറുള്ളത്. എന്തായാലും മാധ്യമങ്ങൾ ജൽസയ്ക്കു നല്കിയ കവറേജിന്റെ ചുരുക്കമിതാണ്. കാനഡയിലെ ഏറ്റവും വലിയ മൂന്നു പത്രങ്ങളാണ് National Post, The Glob and Mail, Tronto Star. ഇവ മൂന്നും വിശാലമായ രീതിയിൽ ജൽസയുടെ വാർത്തകൾ പ്രസിദ്ധീകരിച്ചു. അവർ കരുതുന്നത് 3.9 മില്യനിൽ അധികം ആളുകൾവരെ ഈ സന്ദേശം എത്തിയെന്നാണ്. മൂന്നു വൻപത്രങ്ങൾക്കു പുറമെ 25 ലേറെ മറ്റു വലിയ പത്രങ്ങൾ മുഖേന അഞ്ചുലക്ഷത്തിലേറെ ആളുകൾവരെ ഈ സന്ദേശംമെത്തുകയുണ്ടായി. 8 ഉർദു പത്രവും 10 പഞ്ചാബി പത്രവും സ്പാനിഷ്, അറബി, ബംഗാളി ഭാഷകളിലെ മുമ്മൂന്നു പത്രങ്ങളും മുഖേന മൂന്നു ലക്ഷത്തിലേറെ ആളുകൾവരെ ഈ സന്ദേശംമെത്തി. കാനഡയിലെ ഏറ്റവും വലിയ റേഡിയോ നിലയമായ 680 ചലംെ മുഖേന -ഇതിന്റെ ശ്രോതാക്കൾ രണ്ടര മില്യനാണ്- ജൽസയുടെ വാർത്തയെത്തി. സാമൂഹിക ബന്ധങ്ങളായ ട്വിറ്റർ, ഇൻസ്റ്റാഗ്രാം, ഫേയ്സ് ബുക്, പെരിസ്കോപ്പ് (Periscope) തുടങ്ങിയവ മുഖേന ഇരുപത് ലക്ഷത്തിലേറെ ആളുകൾവരെ സന്ദേശമെത്തിയെന്ന് അവർ കരുതുന്നു. പിന്നീട് സീ ടി.വി, ഗ്ലോബൽ ടി.വി, സിറ്റി ടി.വി, രാജേഷ് ടി.വി, സി.ബി.സി ഉൾപ്പെടെ 16 ലധികം മെയിൻ സ്ട്രീം ടി.വി. ചാനലുകൾ ജൽസയെ ഉദ്ധരിച്ച് വാർത്ത നല്കി. ഇവ മുഖേന അവർ കരുതുന്നത് 25 ലക്ഷം ആളുകൾവരെ സന്ദേശമെത്തിയെന്നാണ്. ഉർദു, പഞ്ചാബി, ബംഗാളി, അറബി, ഘാനൈൻ തുടങ്ങി മറ്റു ഭാഷകളിലെ ടി.വി.സംപ്രേഷണം മുഖേന ജൽസസാലാനയുടെ വാർത്താ ഒരു ലക്ഷം ആളുകൾവരെ എത്തി. എന്തായാലും ഇവർ പറയുന്നത് മൊത്തത്തിൽ ടി.വി.മുഖേന 6.6 മില്യൺ ആളുകൾവരേയും പത്രങ്ങൾ മുഖേന 2.8 മില്യൺ ആളകുൾവരേയും റേഡിയോ മുഖേന 3.5 മില്യൺ ആളുകൾ വരേയും സോഷ്യൽ മീഡിയ മുഖേന 2.8 മില്യൺ ആളുകേൾവരേയും മൊത്തത്തിൽ അവരുടെ കൈയിലുള്ള റിപ്പോർട്ടനുസരിച്ച്16 മില്യൺ ആളുകൾവരെ സന്ദേശമെത്തിയിരിക്കുന്നു. എന്തായാലും മാധ്യമങ്ങൾ ജൽസയ്ക്കുനല്കിയ കവറേജിന്റെ ചുരുക്കം വളരെ കുറച്ചു കണക്കുകൂട്ടുകയാണെങ്കിൽത്തന്നെ കുറഞ്ഞത് പത്ത് മില്യൻ ആളുകൾവരെ ജൽസയുമായി ബന്ധപ്പെട്ട് ജമാഅത്തിന്റെ സന്ദേശമെത്തിയിട്ടുണ്ടാകും. മാധ്യമങ്ങൾ വളരെ സത്യസന്ധതയോടുകൂടിയാണ് വാർത്ത നല്കിയതെന്ന് ഞാൻ കണ്ടതും അല്ലെങ്കിൽ കേട്ടതുമായ വാർത്തയിൽനിന്ന് മനസ്സിലാകുന്നു. ജമാഅത്തിന്റെ വാർത്ത നല്കിയത്. ജൽസയുടെ വാർത്ത നല്കിയത്. നമ്മുടെ അധ്യാപനത്തിന്റെ വാർത്ത നല്കിയത്.

അതിനാൽ ഇത് അല്ലാഹുവിന്റെ ജോലിയാണ്. അത് അവൻ ചെയ്തുകൊണ്ടിരിക്കുന്നു. ജമാഅത്തിനെ കുറിച്ചുള്ള അറിവ് വ്യാപിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ, അതിനോടൊപ്പം ഇക്കാര്യത്തിൽ നമ്മൾ സന്തോഷിച്ചിരിക്കാൻ പാടില്ല എന്നതിലേക്ക് നമ്മുടെ ശ്രദ്ധയും തിരിക്കുന്നുണ്ട്. പ്രത്യുത നമ്മുടെ ആത്മീയാവസ്ഥയും അല്ലാഹുവുമായിട്ടുള്ള ബന്ധവും വർധിപ്പിക്കേണ്ടതാണ്. അല്ലാഹു തിന്മയെന്നു പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും തിന്മയായി മനസ്സിലാക്കുക. അല്ലാഹു ചെയ്യാൻ കല്പിച്ചിട്ടുള്ള എല്ലാ കാര്യങ്ങളുമനുസരിച്ച് പ്രവർത്തിക്കുക. അല്ലാഹു സേവനം ചെയ്യാനുള്ള അവസരം നല്കുന്നുണ്ടെങ്കിൽ അത് അല്ലാഹുവിന്റെ കൃപാകടാക്ഷമാണെന്ന് മനസ്സിലാക്കുക. ഭാരവാഹികളും സേവകരുമെല്ലാം തങ്ങളുടെ നിർബന്ധ കടമകൾ തഖ്‌വയിലൂടെ നടന്ന് പൂർണമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുക. ജൽസയിൽ പങ്കെടുത്തവരും കേട്ടവരുമെല്ലാം അവ ജീവിതത്തിൽ സ്വായത്തമാക്കിയോ അല്ലെങ്കിൽ ജീവിതത്തിന്റെ ഭാഗമാക്കാൻ ശ്രമിച്ചുതുടങ്ങിയോ? എന്ന് പരിശോധിക്കുക. എങ്ങനെയാണ് നമ്മൾ നല്ല കാര്യങ്ങൾ എപ്പോഴും സ്വായത്തമാക്കിവെക്കേണ്ടതെന്നും അതിനുവേണ്ടി പരിശ്രമിക്കേണ്ടതെന്നും വിലയിരുത്തുക.

യഥാർഥത്തിൽ അല്ലാഹുവിനോളം എത്തിക്കുന്നതും അവനുമായി ബന്ധം സ്ഥാപിക്കുന്നതുമായ ഇക്കാര്യങ്ങളനുസരിച്ച് പ്രവർത്തിക്കാൻ അല്ലാഹു എല്ലാ അഹ്മദികൾക്കും തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹുവിനോടുള്ള യഥാർഥമായ ഈ നന്ദി കൃത്രിമമായതോ താൽക്കാലികമായതോ അല്ല.

അതിനാൽ ഇക്കാര്യം എപ്പോഴും മുന്നിൽ വെക്കുക. ഇതുമുഖേനയാണ് അല്ലാഹു വീണ്ടും തന്റെ കൃപാകടാക്ഷങ്ങൾ വർധിപ്പിച്ചുകൊണ്ടു പോകുന്നത്. അല്ലാഹു ഇക്കാര്യങ്ങളനുസരിച്ച് പ്രവർത്തിക്കാൻ എല്ലാ അഹ്മദികൾക്കും തൗഫീഖ് നല്കുമാറാകട്ടെ. അവർ യഥാർഥത്തിൽ അല്ലാഹുവിനെ തിരിച്ചറിയുന്നവരും അവനുമായി ബന്ധം സ്ഥാപിക്കുന്നവരുമായിത്തീരട്ടെ.


## ഉടനെ എഴുതുക or ഫോൺ ചെയ്യുക

താങ്കൾ വിശുദ്ധ ഖുർആന്റെ കല്പനകൾ, ഹദീഥുകൾ, ഹദ്റത്ത് മസീഹ് മൗഊദിന്റെ മാർഗനിർദേശങ്ങൾ എന്നിവയോടൊപ്പം ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ ജുമുഅ ഖുത്ബകളിൽ നിന്നും പ്രഭാഷണങ്ങളിൽനിന്നും അനുഗ്രഹം തേടാനാഗ്രഹിക്കുന്നെങ്കിൽ! താങ്കൾ താങ്കളുടെ കുടുംബത്തിന്റേയും കുഞ്ഞുകുട്ടികളുടേയും സത്യമായ പരിഷ്കരണത്തിന് വിശുദ്ധഖുർആന്റെ ജ്ഞാനങ്ങൾ അറിയാനാഗ്രഹിക്കുന്നെങ്കിൽ! താങ്കൾ ബദ്ർ പത്രം നിർബന്ധമായും വായിക്കുക. ബദ്ർ പത്രത്തിൽ എന്താണുള്ളത്? അതറിയാൻ നിങ്ങൾ നിങ്ങളുടെ ഭാഷയിൽ അതിന്റെ ഒരു മാതൃക വാങ്ങി നോക്കുക. ഉടനെ എഴുതുക, അല്ലെങ്കിൽ ഫോൺ ചെയ്യുക.

**മാനേജർ ബദ്ർ വീക്കിലി ഫോൺ: 094170-20616**


### ഇർശാദുന്നബ്‌വി(സ)

"പറവകൾക്ക് സമാനമായ നിഷ്കളങ്കമനുഷ്യൻ സ്വർഗം പുൽകുന്നതാണ്."

(മുസ്‌ലിം)

**ത്വാലിബെ ദുആ:**
**അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**






### ഇർശാദുന്നബ്‌വി(സ)

അല്ലാഹു പറഞ്ഞു:"എന്റെ വലിയ്യിനെ എതിർക്കുന്നവനാരോ അവനുമായി ഞാൻ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു.'

(ബുഖാരി)

**ത്വാലിബെ ദുആ:**
**കെ.ടി.മഹ്മൂദ്, കൊടിയത്തൂർ.**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-1 Thursday 17 November Issue-37

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

**ഈ ജൽസയുടെ അവസരത്തിൽ എനിക്ക് നിങ്ങൾക്കു നല്കാനുള്ള സന്ദേശം അല്ലാഹുവുമായി ബന്ധമുണ്ടാക്കുകയും ഭക്തിയോടുകൂടി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ്. നിങ്ങളുടെ നല്ല മാതൃക കാഴ്ചവെക്കുക. സൽമാതൃകമുഖേന ജനങ്ങളുടെ മനസ്സുകൾ ഇസ്‌ലാം-അഹ്മദിയ്യത്തിനുവേണ്ടി കീഴടക്കുക. അല്ലാഹുവിനോടു ബന്ധമുണ്ടാക്കുന്നതിന് നമസ്കാരം നിലനിറുത്തുക.**

**പരസ്പരം സ്നേഹത്തോടും സന്തോഷത്തോടും കൂടി കഴിയുക എന്നതാണ്. നിങ്ങളുടെമേൽ അല്ലാഹുവിന്റെ വളരെ വലിയ ഔദാര്യമാണുള്ളത്. അവൻ നിങ്ങളെ ഖിലാഫത്തിന്റെ നിഅ്മത്തുകൊണ്ട് അനുഗ്രഹിച്ചിരിക്കുന്നു. അതുമുഖേന നിങ്ങളെ ഏകത്വത്തിന്റെ കണ്ണിയിൽ കോർത്തു. അതുകൊണ്ട് നിങ്ങൾ ഈ ഏകത്വം നിലനിറുത്തുക. പരസ്പരം സഹോദരന്മാരായിക്കൊണ്ട് ജീവിക്കുക.**

**അല്ലാഹു ഈ ജൽസസാലാനയിൽ പങ്കെടുക്കുന്ന ജമാഅത്തംഗങ്ങളെ തന്റെ കൃപയുടേയും കാരുണ്യത്തിന്റേയും അനന്തരാവകാശികളാക്കുമാറാകട്ടെ. ജൽസയുടെ അനുഗ്രഹങ്ങൾകൊണ്ട് പൂർണമായും ആത്മീയഫലമെടുക്കാൻ ഭാഗ്യം പ്രദാനം ചെയ്യുമാറാകട്ടെ.**

**സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹ് 2016 ഏപ്രിൽ 22,23,24 തിയതികളിൽ സംഘടിപ്പിച്ച ഇറ്റലി ജമാത്തിന്റെ ജൽസസാലാനയിലേക്ക് അയച്ച സന്ദേശം**

*അല്ലാഹുവിന്റെ കൃപയാൽ ഇറ്റലി അഹ്മദിയ്യാ ജമാഅത്തിന് 2016 ഏപ്രിൽ 22, 23, 24 തിയതികളിൽ തങ്ങളുടെ പത്താമത് ജൽസസാലാന സംഘടിപ്പിക്കാൻ സൗഭാഗ്യം ലഭിച്ചു. ഈ ജൽസയിൽ അമീറുൽ മുഅ്മിനീന്റെ പ്രതിനിധിയായി യു.കെ.അറബിക് ഡസ്ക് അംഗം മുഹമ്മദ് ത്വാഹിർ നദീം സാഹിബിന് പങ്കെടുക്കാൻ ഭാഗ്യം സിദ്ധിച്ചു. അമീറുൽ മുഅ്മിനീൻ ഈ ജൽസയിലേക്ക് തന്റെ സന്ദേശവും അയക്കുകയുണ്ടായി. 2016 ആഗസ്റ്റ 26 ന് അൽഫള്ൽ ഇന്റർ നാഷണൽ പ്രസിദ്ധീകരിച്ച പ്രസ്തുത സന്ദേശം ബദ്ർ വായനക്കാർക്കുവേണ്ടി പ്രസിദ്ധീകരിക്കുകയാണ്.*

بسم اللہ الرحمن الرحیم

نَحْمَدُہٗ وَنُصَلِّی عَلٰی رَسُوْلِہِ الْکَرِیْمِ وَعَلٰی عَبْدِہِ الْمَسِیْحِ الْمَوْعُوْدِ

خدا کے فضل اور رحم کے ساتھ

ھوالنّاصر

ഇറ്റലീ അഹ്മദിയ്യാ ജമാഅത്തിലെ പ്രിയപ്പെട്ട സഹോദരങ്ങളേ!

السلام علیکم ورحمۃ اللہ وبرکاتہ

അൽഹംദുലില്ലാഹ്! ഇറ്റലി അഹ്മദിയ്യാ ജമാഅത്തിലെ സഹോദരങ്ങൾക്ക് ഈ വർഷം തങ്ങളുടെ ജൽസസാലാന സംഘടിപ്പിക്കാൻ തൗഫീഖ് കിട്ടിയിരിക്കുകയാണ്. ഈ ജൽസസാലാനയെ അല്ലാഹു എല്ലാവിധത്തിലും അനുഗൃഹീതമാക്കട്ടെ എന്ന് ഞാൻ ദുആ ചെയ്യുന്നു. അല്ലാഹു ഈ ജൽസസാലാനയിൽ പങ്കെടുക്കുന്ന ജമാഅത്തംഗങ്ങളെ തന്റെ കൃപയുടേയും കാരുണ്യത്തിന്റേയും അനന്തരാവകാശികളാക്കുമാറാകട്ടെ. ജൽസയുടെ അനുഗ്രഹങ്ങൾകൊണ്ട് പൂർണമായും ആത്മീയഫലമെടുക്കാൻ ഭാഗ്യം പ്രദാനം ചെയ്യുമാറാകട്ടെ. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപനോദ്ദേശ്യം പറഞ്ഞിട്ടുള്ളത് 'ഭക്തിയുടേയും പരിശുദ്ധിയുടേയും ഒന്നാമത്തെ സ്ഥാനത്ത് നിലകൊള്ളുകയും യഥാർഥത്തിൽ ദീനിനെ ദുൻയാവിനെക്കൾ മുന്തിക്കുകയും ചെയ്തിട്ടുള്ള, അവരുടെ മാതൃകകണ്ട് ജനങ്ങൾക്ക് അല്ലാഹുവിനെ ഓർമവരണം' എന്നാണ്. (തദ്ക്കിറത്തുശ്ശഹാദത്തയ്ൻ)

ഈ ജൽസയുടെ അവസരത്തിൽ എനിക്ക് നിങ്ങൾക്കു നല്കാനുള്ള സന്ദേശം അല്ലാഹുവുമായി ബന്ധമുണ്ടാക്കുകയും ഭക്തിയോടുകൂടി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ്. നിങ്ങളുടെ നല്ല മാതൃകകാഴ്ചവെക്കുക. സൽമാതൃക മുഖേന ജനങ്ങളുടെ മനസ്സുകൾ ഇസ്‌ലാം-അഹ്മദിയ്യത്തിനുവേണ്ടി കീഴടക്കുക. അല്ലാഹുവിനോടു ബന്ധമുണ്ടാക്കുന്നതിന് നമസ്കാരം നിലനിറുത്തുക. ഞാൻ എന്റെ ഇന്നലത്തെ ഖുത്ബയിൽ ആരാധനകളുടെ പ്രാധാന്യത്തെ കുറിച്ചും നമസ്കാരങ്ങൾ നിലനിറുത്തുന്നതിനെ കുറിച്ചും പറഞ്ഞിരുന്നു. അല്ലാഹുവിന്റെ യഥാർഥ ദാസരാകാൻ അതിന്റെ വെളിച്ചത്തിൽ നിങ്ങൾ ജീവിക്കാൻ ശ്രമിക്കുക.

രണ്ടാമത്തെ സുപ്രധാനകാര്യം പരസ്പരം സ്നേഹത്തോടും സന്തോഷത്തോടും കൂടി കഴിയുക എന്നതാണ്. നിങ്ങളുടെമേൽ അല്ലാഹുവിന്റെ വളരെ വലിയ ഔദാര്യമാണുള്ളത്. അവൻ നിങ്ങളെ ഖിലാഫത്തിന്റെ നിഅ്മത്തുകൊണ്ട് അനുഗ്രഹിച്ചിരിക്കുന്നു. അതുമുഖേന നിങ്ങളെ ഏകത്വത്തിന്റെ കണ്ണിയിൽ കോർത്തു. അതുകൊണ്ട് നിങ്ങൾ ഈ ഏകത്വം നിലനിറുത്തുക. പരസ്പരം സഹോദരന്മാരായിക്കൊണ്ട് ജീവിക്കുക. ഈ ഏകത്വം സ്ഥാപിക്കുന്നതിനാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നിയോഗിതനായത്.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: സ്വാലിഹായ ആളുകളെയല്ലാതെ അല്ലാഹു ആരേയും പരിഗണിക്കുകയില്ല. പരസ്പരം സാഹോദര്യവും സ്നേഹവുമുണ്ടാക്കുക. മൃഗീയതയും ഭിന്നിപ്പും ഉപേക്ഷിക്കുക. എല്ലാതരത്തിലുള്ള അശ്ലീലങ്ങളിൽനിന്നും പരിഹാസങ്ങളിൽനിന്നും പിന്മാറുക. കാരണം പരിഹാസം മനുഷ്യമനസ്സിനെ സത്യത്തിൽനിന്നകറ്റി എവിടെനിന്ന് എവിടെയോ കൊണ്ടെത്തിക്കുന്നു. പരസ്പരം ആദരവോടുകൂടി പെരുമാറുക. എല്ലാവരും തങ്ങളുടെ സൗഖ്യത്തിനുമേൽ തങ്ങളുടെ സഹോദരന്റെ സൗഖ്യത്തിന് മുൻഗണന നല്കുക. സത്യസന്ധതയോടുകൂടി അല്ലാഹുവുമായി രഞ്ജിപ്പിലാകുക. അവനെ അനുസരിക്കുന്നതിലേക്ക് മടങ്ങിവരിക..........പരസ്പരമുള്ള എല്ലാ വഴക്കുകളും ദ്വേഷങ്ങളും ശത്രുതകളും ഇടയിൽനിന്ന് നീക്കുക." (മൽഫൂദാത്ത് വാള്യം 1 പേജ് 266-267)

അല്ലാഹു നിങ്ങൾക്കെല്ലാവർക്കും ഈ ഉപദേശങ്ങളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് തന്റെ യഥാർഥ ദാസരാകാനും ദൈവസൃഷ്ടികളോടു സഹതാപമുള്ളവരാകാനും പരസ്പരം സഹോദരന്മാരാകാനും തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ

വസ്സലാം
വിനീതൻ
(മിർസാ മസ്റൂർ അഹ്മദ്)

خلیفۃ المسیح الخامس

ഖലീഫത്തുൽമസീഹ് അൽഖാമിസ്.

## 122-ാമത് ജൽസസാലാന ഖാദിയാൻ
## (ജൽസയ്ക്ക് തുടക്കം കുറിച്ചിട്ട് 125-ാമത്)

2016 ഡിസംബർ 26,27,28 (തിങ്കൾ, ചൊവ്വ, ബുധൻ)

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ഖാദിയാനിലെ 122-ാമത് ജൽസസാലാന 2016 ഡിസംബർ 26,27,28 (തിങ്കൾ, ചൊവ്വ, ബുധൻ)എന്നീ തിയതികളിൽ നടത്താൻ അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽതന്നെ ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന ഉദ്ദേശ്യത്തോടെ ദുആയോടുകൂടി തയ്യാറെടുപ്പുക ളും നടത്തുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഫലമെടുക്കാൻ സൗഭാഗ്യം നല്കുമാറാകട്ടെ. ഈ ജൽസ എല്ലാ വിധത്തിലും വിജയപ്രദമാകുന്നതിനും സൗഭാഗ്യരായ ആത്മാക്കൾക്ക് സന്മാർഗപ്രാപ്തിക്കു കാരണമാകുന്നതിനും ദുആ ചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹു അഹ്സനുൽജസാ

**(നാളിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin